ക്രിസ്ത്യൻ വേൾഡ്
Christian world
ക്രൈസ്തവ മാധ്യമം

2018 ജൂലൈ 1 | വാല്യം 13 | ലക്കം 7 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8

# യൂറോപ്പിന് മുന്നറിയിപ്പായി 'പാരീസ് സ്റ്റേറ്റ്മെന്റ്'



**"ഒട്ടനവധി പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റം വഴി യൂറോപ്പിൽ ഒരു മിശ്രിത സംസ്കാരം വളർത്തിയെടുക്കാനാണ് പലരുടേയും ശ്രമം. അതിനായി കുടിയേറ്റ നിയമപരിഷ്കരണങ്ങളും രാജ്യങ്ങൾ നടപ്പാക്കാനൊരുങ്ങുന്നു. ഇതോടെ യൂറോപ്പിന്റെ സംസ്കാരം മാറും. ക്രിസ്തീയ മൂല്യങ്ങൾ ഇല്ലതാകും. നിലനിൽപ്പിന് തന്നെ ഭീഷണി ഉയർത്തുന്ന ഇത്തരം നയങ്ങളോടുള്ള സമീപനം വിചിന്തനം ചെയ്യണം. യൂറോപ്യൻ അഖണ്ഠതയും ക്രിസ്തീയ കൂട്ടായ്മയും നിലനിർത്താൻ യൂറോപ്യൻ രാജ്യങ്ങൾ ഒത്ത് ചേരണം...."**

ഹംഗേറിയൻ പ്രധാന മന്ത്രി : **വിക്ടർ ഓർബൻ**



THE PARIS STATEMENT

A Europe We Can Believe In 1. Europe belongs to us, and we belong to Europe. ...



**"തങ്ങളുടെ ക്രിസ്ത്യൻ വേരുകളും പാരമ്പര്യവും മറക്കുന്നത് വഴി യൂറോപ്പ് ആത്മഹത്യയ്ക്ക് ഒരുങ്ങുകയാണ്. യൂറോപ്പിൽ ഇപ്പോൾ സംഭവിക്കുന്ന ആകമാന മാറ്റത്തിന്റെ മുഖ്യകാരണങ്ങൾ കുടിയേറ്റവും മതനിരപേക്ഷതയുമാണ് "**

**മോസ്കോ പാത്രിയാർക്കേറ്റിന്റെ എക്സ്റ്റേണൽ ചർച്ച് റിലേഷൻസ് സമിതി ചെയർമാൻ മെട്രോ പൊളീറ്റൻ ഹിലാരിയോൺ ആർക്കയേവ്**

യൂറോപ്പ് ക്രിസ്തീയ പാരമ്പര്യത്തിലേക്കും മൂല്യങ്ങളിലേക്കും മടങ്ങിപ്പോകണമെന്ന ആഹ്വാനവുമായി യൂറോപ്പിലെ യാഥാസ്ഥിതിക തത്വചിന്തകർ പത്രിക പുറത്തിറക്കി. ഒക്ടോബർ 7ന് ആണ് പാരീസ് സ്റ്റേറ്റ്മെന്റ് എന്ന് വിളിക്കപ്പെടുന്ന പ്രകടന പത്രിക പ്രസിദ്ധീകരിച്ചത്. യൂറോപ്പിന്റെ സാംസ്കാരിക ഐക്യം ക്രിസ്തുമതത്തിലൂടെ മാത്രമേ പുനസ്ഥാപിക്കുവാൻ കഴികയുള്ളുവെന്നും ക്രിസ്തുസഭയുടെ ദർശനം ആ ഐക്യത്തിലേക്ക് വീണ്ടും യൂറോപ്പിനെ മടക്കിവരുത്തുമെന്നും പത്രികയിൽ പറയുന്നു. ഫ്രാൻസ്, ബെൽജിയം, ചെക്ക് റിപ്പബ്ലിക്, പോളണ്ട്, ഹംഗറി, ഇംഗ്ലണ്ട്, ജർമ്മനി, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വേദപണ്ഠിതരും യാഥാസ്ഥിതിക തത്വചിന്തകരുമാണ് പാരീസ് ഉടമ്പടിക്കായി ഒത്തുകൂടിയതും ഒപ്പ് വച്ചതും.

യൂറോപ്പിന്റെ സാംസ്കാരിക തകർച്ചയും യുവതലമുറയുടെ അധഃപതനാവസ്ഥയും മനസിലാക്കിയ ഒരു സമൂഹത്തിന്റെ ഉത്തരവാദിത്വപൂർണ്ണമായ നടപടിയായിട്ടാണ് പലരും ഈ സ്റ്റേറ്റ്മെന്റിനെ കാണുന്നത്. യൂറോപ്പിൽ വളർന്ന് കൊണ്ടിരിക്കുന്ന മതനിരപേക്ഷത, മുസ്ളിം അഭയാർത്ഥികൾ, വ്യാജ യുറോപ്പ് എന്ന ആശയത്തിന്റെ ആവിർഭാവം തുടങ്ങിയവ യൂറോപ്പിനെ ശിഥിലമാക്കും എന്ന ആശങ്ക ഈ പത്രികയിലൂടെ തത്വചിന്തകർ പങ്ക് വയ്ക്കുന്നു. യഥാർത്ഥ യൂറോപ്പിനെതിരെയുള്ള ഭീഷണികളും അതിനെ ചെറുക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും പാരീസ് സ്റ്റേറ്റ്മെന്റിൽ പരാമർശിക്കുന്നുണ്ട്. നമ്മുടെ ഐക്യവും നാടിനോടുള്ള വിശ്വസ്ഥതയും പരിപാലിക്കപ്പെടണം. എന്നാൽ മാത്രമേ നീതി നടപ്പിലാവുകയുള്ളു. അടിച്ചേൽപ്പിക്കപ്പെടുന്ന ഐക്യത്തെ നമ്മൾ പിന്തുണയ്ക്കരുത്. സാങ്കേതിക വിദ്യയുടെ ദുരുപയോഗവും, അമിത സ്വാതന്ത്ര്യവും യുവജനങ്ങൾക്കിടയിലെ ലൈംഗിക സ്വാതന്ത്ര്യവും എല്ലാം തന്നെ യൂറോപ്പിന്റെ അടിസ്ഥാന വേരുകളെ നശിപ്പിച്ച് കൊണ്ട് ഭൂഖണ്ഠത്തിന്റെ നിലനിൽപ്പിന് ഭീഷണിയായിരിക്കുന്നു. ഇത്തരം പ്രവണതകൾ യൂറോപ്പിലെ യുവജനങ്ങളെ ലക്ഷ്യമില്ലാതാക്കും. യൂറോപ്പ്യൻ ജനങ്ങളും രാഷ്ട്രീക്കാരും യാഥാർത്ഥ്യത്തെ പൂണർന്നുകൊണ്ട് സാങ്കൽപ്പിക യൂറോപ്പെന്ന മിഥ്യാധാരണയിൽ നിന്ന് പുറത്ത് വരണമെന്നും ഭൂഖണ്ഡത്തിന്റെ പരമ്പരാഗത ക്രൈസ്തവ മൂല്യങ്ങളിലേക്ക് മടങ്ങിവരണമെന്നും പത്രിക ആഹ്വാനം ചെയ്യുന്നു.

ഒമ്പതു ഭാഷകളിലായാണ് പത്രിക പുറത്തിറക്കിയിരിക്കുന്നത്. ക്രിസ്തീയ മൂല്യങ്ങളെ ബലികഴിച്ചുകൊണ്ടുള്ള ഭൗതികാടിസ്ഥാനത്തിലുള്ളതും ഇസ്ളാം മത തത്വങ്ങളിലധിഷ്ഠിതമായുള്ളതുമായ ഒരു യൂറോപ്പ് എന്ന ആശയം കുറെ നാളുകളായി യൂറോപ്പ്യൻ രാജ്യങ്ങളിലെ രാഷ്ട്രീയ പാർട്ടികളും നേതാക്കളും മുന്നോട്ട് വയ്ക്കുകയാണ്. ഇതിനെതിരെ ഹംഗേറിയൻ പ്രധാന മന്ത്രിയടക്കം പല യൂറോപ്പ്യൻ നേതാക്കളും പരസ്യമായി രംഗത്ത് വന്നിരുന്നു. ഹംഗേറിയൻ പ്രധാന മന്ത്രി വിക്ടർ ഓർബനാണ് ഭൂഖണ്ഠം ക്രിസ്തീയ മൂല്യങ്ങളിൽ നിന്ന് അകലുന്നതിനെക്കുറിച്ചും യൂറോപ്യൻ രാജ്യങ്ങൾ ക്രിസ്തീയ മൂല്യങ്ങളിലേക്ക് മടങ്ങിവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആദ്യമായി ശബ്ദമുയർത്തിയത്. ക്രിസ്തീയ വിരുദ്ധ ശക്തികളുടേയും അന്താരാഷ്ട്ര ഇടപെടലുകളുടേയും നിയന്ത്രണത്തിൽ നിന്ന് യൂറോപ്പ് പുറത്ത് വരണമെന്നും അല്ലെങ്കിൽ യൂറോപ്പിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകുമെന്നും അദേഹം പറഞ്ഞു.

തന്റെ വാക്കുകളിൽ നിന്ന് അൽപ്പംപോലും പിന്നോട്ട് പോകാതെ ഇപ്പോഴും അദേഹം അക്കാര്യം ആവർത്തിച്ച് കൊണ്ടേയിരിക്കുകയാണ്. എന്നാൽ അദേഹത്തിന്റെ നിലപാടുകളെയും അഭിപ്രായങ്ങളേയും പല യൂറോപ്യൻ രാജ്യങ്ങളുടേയും തലവന്മാർ ശക്തമായി എതിർക്കുകയാണ്. കാലങ്ങളായി നിലനിക്കുന്ന യൂറോപ്പിന്റെ ക്രൈസ്തവ സംസ്കാരത്തെ നശിപ്പിച്ച് മിശ്രിത സംസ്കാരം കെട്ടിപ്പൊക്കുവാൻ ഇവർ കൂട്ടായ ശ്രമങ്ങൾ നടത്തുകയാണ്. ബ്രിട്ടൻപോലും അതിനെ അതിരുകടന്ന് അനുകൂലിക്കുന്നുയെന്നതാണ് യാഥാർത്ഥ്യം.

തങ്ങളുടെ ക്രിസ്ത്യൻ വേരുകളും പാരമ്പര്യവും മറക്കുന്നത് വഴി യൂറോപ്പ് ആത്മഹത്യയ്ക്ക് ഒരുങ്ങുകയാണെന്ന് മോസ്കോ പാത്രിയാർക്കേറ്റിന്റെ എക്സ്റ്റേണൽ ചർച്ച് റിലേഷൻസ് സമിതി ചെയർമാൻ മെട്രോപൊളീറ്റൻ ഹിലാരിയോൺ ആർക്കയേവ് പറഞ്ഞു. യൂറോപ്പിൽ ഇപ്പോൾ സംഭവിക്കുന്ന ആകമാന മാറ്റത്തിന്റെ മുഖ്യകാരണങ്ങൾ കുടിയേറ്റവും മതനിരപേക്ഷതയുമാണെന്നും അദേഹം പറഞ്ഞു. ലണ്ടനിലെ റഷ്യൻ എംബസി സംഘടിപ്പിച്ച കോൺഫ്രൻസിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദേഹം.

യൂറോപ്യൻ യൂണിയനിൽ മാത്രമായി ഏതാണ്ട് 1.8 ദശലക്ഷത്തോളം അഭയാർത്ഥികൾ എത്തിയിട്ടുണ്ടെ

(ശേഷം പേജ് 3)

## ആണവകരാർ: ഇറാനിലെ ക്രൈസ്തവർ പ്രതിസന്ധിയിലാകുമെന്ന് പാസ്റ്റർ സാം എഖ്നാസർ

**ടെഹ്റാൻ:** ആണവകരാറിൽ നിന്ന് പിന്മാറാനുള്ള അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പിന്റെ തീരുമാനം ഇറാനിലെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വൻ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് റിപ്പോർട്ട്. ഇറാനിലെ പ്രമുഖ സുവിശേഷകനും അനവധി മിനിസ്ട്രികളുടെ സ്ഥാപകനുമായ പാസ്റ്റർ സാം എഖ്നാസറാണ് ഈ മുന്നറിയിപ്പ് നൽകുന്നത്.

കൂടുതൽ ആക്രമണങ്ങൾക്കും കൊലപാതകങ്ങൾക്കും ക്രൈസ്തവരോടുള്ള വിവേചനങ്ങൾക്ക് ഈ തീരുമാനം കാരണമായേക്കാം. ട്രമ്പിന്റെ ഈ തീരുമാനം അമേരിക്കയെ സംബന്ധിച്ചിടത്തോളം ശരിയോ തെറ്റോ ആകട്ടെ, പക്ഷേ ഇറാനിലെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇത് ഭയാനകമായ ഒരു തീരുമാനമാണ്. കാരണം ഇനി ഇവർ അതിന്റെ പക തീർക്കുന്നത് ഇറാനിലെ ക്രൈസ്തവരോടായിരിക്കും. പുറപ്പാട് പുസ്തകത്തിൽ ദൈവം ഫറവോന്റെ ഹൃദയം കഠിനമാക്കി എന്ന് പറഞ്ഞിരിക്കുന്നതുപോലെ ഇറാനിലെ നേതാക്കളുടെ ഹൃദയവും കഠിനമാകാൻ സാധ്യതയുണ്ട്...' പാസ്റ്റർ സാം എഖ്നാസർ പറയുന്നു. ക്രിസ്തീയ മാർഗ്ഗം അമേരിക്കൻ മതമെന്ന കാഴാചപ്പാടാണ് പൊതുവെ ഇറാനികൾക്കുള്ളത്. സുവിശേഷത്തോട് വളരെ എതിർപ്പ് പ്രകടിപ്പിക്കുന്ന ഇവിടുത്തെ ഭരണാധികാരികൾ അമേരിക്കയും വലിയ യൂറോപ്യൻ രാഷ്ട്രങ്ങളുമായുള്ള കരാറുകൾ മൂലമാണ് ക്രൈസ്തവർക്കെതിരെ കടുത്ത നടപടികൾക്ക് മുതിരാത്തതെന്നാണ് മനസിലാക്കാൻ കഴിയുന്നത്.

ഇത്തരം സാഹചര്യത്തിൽ അമേരിക്ക ഇറാനുമായുള്ള പ്രമുഖ കരാറായ ആണവകരാറിൽ നിന്ന് പിന്മാറുകയാണെങ്കിൽ ഇറാൻ അമേരിക്കയോടുള്ള പക തീർക്കുന്നത് ഇവിടുത്തെ ക്രൈസ്തവരെ പീഡിപ്പിച്ച് കൊണ്ടായിരിക്കും. നിലവിൽ മതന്യൂനപക്ഷങ്ങളെ അടിച്ചമർത്താനും അവരുടെ അവകാശങ്ങളെ നിഷേധിക്കാനും മതസ്വാതന്ത്ര്യത്തെ ഹനിക്കാനും ഇറാൻ കർക്കശ നിലപാടുകളാണ് സ്വീകരിച്ചിരിക്കുന്നത്. രാജ്യത്ത് ക്രിസ്ത്യാനികൾ ഇത്രയേറെ അടിച്ചമർത്തലുകൾ നേരിടുന്നുവെങ്കിലും റിസർച്ച് ഓർഗനൈസേഷൻ ഓപ്പറേഷൻ വേൾഡിന്റെ റിപ്പോർട്ട് പ്രകാരം ഏറ്റവും വേഗത്തിൽ ക്രിസ്തീയ വിശ്വാസവും ഭവനസഭകളും വളർന്ന് കൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ പ്രധാനവും ഇറാനാണ്. ഇത്തരം സാഹചര്യത്തിൽ ഇറാനുവേണ്ടിയും ഭരണാധികാരികൾക്ക് വേണ്ടിയും പ്രാർത്ഥിക്കണമെന്നും പാസ്റ്റർ സാം എഖ്നാസർ വിശ്വാസി സമൂഹത്തോട് ആവശ്യപ്പെടുന്നു.

ക്രിസ്ത്യൻ വേൾഡ്
1193 മിഥുനം - കർക്കടകം



## നന്ദിയുള്ളവരായാരിക്കുക

**ദൈവ**ത്തിൽ നിന്നും ലഭിക്കുന്ന നന്മകൾ ഓർക്കാതെ ദൈവത്തോടു പരിഭവിക്കുന്നവരായി നാം പലപ്പോഴും തീരാറുണ്ട്. നമുക്കു ലഭിച്ച നന്മകൾ, അനുഗ്രഹങ്ങൾ ഇവയെല്ലാം നമുക്കു അർഹതപ്പെട്ടതാണെന്നു കരുതുന്നവരാണു നാം. നമ്മുടെ ഇംഗിതത്തിനനുസരിച്ച് നിൽക്കുകയും നാം ചോദിക്കുമ്പോൾതന്നെ നൽകിത്തരികയും ചെയ്യുന്ന ഏതോ ഒരു ശക്തിയായി ദൈവത്തെ കാണുന്നവരുണ്ട്. നമ്മുടെ ആവശ്യങ്ങൾ നിറവേറിയില്ലെങ്കിൽ ദൈവത്തെ പഴിക്കയും നിരാശയോടെ കഴിയുകയും ചെയ്യുന്നവരുണ്ട്. ഇങ്ങനെയുള്ള നിരാശ ഒരു വ്യക്തിയെ ഗ്രസിക്കുന്നതോടുകൂടി ദൈവവുമായി അകലുവാൻ കാരണമാകുന്നു. ഈ അകൽച്ച അവനെ പതനത്തിലെത്തിക്കുന്നു. ആത്മീയനന്മകളും അവനു നഷ്ടമാകുന്നു.

മനുഷ്യനു വേണ്ടുന്നതു സകലവും സൃഷ്ടിച്ചതിനുശേഷമാണ് ദൈവം ആറാം ദിവസം ആദാമിനെ സൃഷ്ടിച്ചത്. നോക്കുക, ദൈവത്തിനു മനുഷ്യനോടുള്ള കരുതൽ എത്ര വലിയതെന്ന്! നമ്മെ വിളിച്ചതു ദൈവമാണെങ്കിൽ നമുക്കു ആവശ്യമുള്ളതെല്ലാം കരുതിവച്ചിട്ടാണ് ദൈവം നമ്മെ വിളിച്ച് വേർതിരിച്ചിരിക്കുന്നതെന്ന് നമുക്ക് വിശ്വസിക്കാം.

നമ്മുടെ ജീവിതത്തിൽ തളർന്നു പോകുന്ന ചില സാഹചര്യങ്ങൾ ഉണ്ടായേക്കാം. എന്നാൽ, അവിടെയും നമ്മെ നാശത്തിനേല്പിക്കാത്ത ഒരു അദൃശ്യകരം നമ്മെ താങ്ങുന്നുണ്ടെന്ന യാഥാർഥ്യം നാം ഗ്രഹിച്ചാൽ ദൈവത്തോട് നന്ദിയുള്ളവരാകാൻ നമുക്കു സാധിക്കും.

നമ്മുടെ ചിന്താഗതിക്കനുസരിച്ചായിരിക്കും നമ്മുടെ ജീവിത വിജയവും. ഏതു കാര്യത്തെയും നെഗറ്റീവ് മനോഭാവത്തോടെ വീക്ഷിക്കുന്നവരുണ്ട്. അവർക്ക് നന്മകൾ പലതും കാണുവാൻ കഴിയില്ല. എത്ര നല്ലതായാലും അതിലെ കുറവുകൾ കാണുവാൻ അവർ ശ്രമിക്കും. അതു പലപ്പോഴും മറ്റുള്ളവർക്കും ധാരണപ്പിശകുണ്ടാക്കും.

അടിമത്ത്വത്തിലും പീഡനത്തിലും കഴിഞ്ഞിരുന്ന യിസ്രായേൽ മക്കളെ അത്ഭുതങ്ങളിലൂടെ വിടുവിച്ച് വാഗ്ദത്ത ദേശത്തേക്ക് കൊണ്ടുപോയ വഴിക്ക് അവർ ദൈവത്തോടു പ്രതികരിച്ചതു നോക്കിയാൽ അതു മനസ്സിലാകും (സംഖ്യ 14:11). നന്ദിയില്ലാത്ത ജനം. അവർക്കു കഴിഞ്ഞ നാളുകളിൽ ദൈവം ചെയ്ത നന്മകൾ വിസ്മരിച്ച് വിലപിക്കുന്നു. ദൈവം ചെയ്യുന്ന നന്മകൾ ഓർത്ത് നന്ദിയേകാതിരുന്നത് മോഷണം, കുലപാതകം, വ്യഭിചാരം തുടങ്ങിയ പാപങ്ങളെപ്പോലെതന്നെ ഗുരുതരമായ പാപമാണെന്നു ഡോ. ബില്ലി ഗ്രഹാം പറയുന്നു.

നാം ചോദിക്കുന്നതെല്ലാം നമുക്കു ആവശ്യമുള്ളതാണോ എന്ന് ദൈവത്തിനറിയാം. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞാണ് ദൈവം പ്രവർത്തിക്കുന്നത്. ഒരുപക്ഷെ, അവൻ ദോഷമായി ചെയ്തു എന്നു തോന്നാമെങ്കിലും പിന്നത്തേതിൽ അത് നന്മയ്ക്കായിരുന്നു എന്നു മനസ്സിലാകും. നമ്മുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും എല്ലാം നന്മയ്ക്കായാണ് എന്നു കരുതുവാൻ കഴിയട്ടെ.

നമ്മുടെ ചിന്താഗതികൾ ശുഭകരമാകട്ടെ. നാം സാഹചര്യങ്ങളിൽ ആശ്രയിക്കുന്നവരാകരുത്. ജീവിതത്തിലെയും ചുറ്റുപാടുകളിലെയും നന്മകൾ കാണുവാൻ നമുക്കു കഴിയണം. ആഗ്രഹിച്ചത് ലഭിച്ചില്ല എന്നു പറഞ്ഞ് പിറുപിറുക്കാതെ അർഹതപ്പെട്ടത് നൽകിയതിനായി ദൈവത്തോടു നന്ദിയുള്ളവരായിരിക്കുവാൻ പഠിക്കുക.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം
എഴുത്തുകാർക്കു മാത്രമാണ്.

# ദൈവപ്രീതി



റവ. ഡോ. ഇട്ടി ഏബ്രഹാം

1. **ദൈവത്തിന്റെ ഹിതം** (സമ്പൂർണ്ണമായ ദൈവഹിതം). എല്ലാവരും മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയണമെന്നാണ് ദൈവഹിതം.
2. **സാത്താന്റെ ഇഷ്ടം:** സാത്താന്റെ ഇഷ്ടം മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും ആണ്. (യോഹ. 10:10)
3. **മനുഷ്യന്റെ ഇഷ്ടം:** നിത്യജീവനെയും നിത്യശിക്ഷയെയും തെരഞ്ഞെടുക്കാനുള്ള മാനസികവും ആത്മികവുമായ കഴിവുമായി ബന്ധപ്പെട്ടത്.

ദൈവം ഒരിക്കലും ഒരു വ്യക്തിയിൽ തന്റെ ഇഷ്ടത്തെ അടിച്ചേൽപ്പിക്കുന്നില്ല. ഒരു മനുഷ്യന് തന്റെ വിധി നിർണ്ണയിക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ദൈവത്തെ സ്വീകരിക്കാനും നിഷേധിക്കാനുമുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യർക്ക് നൽകിയിരിക്കുന്നു.

**ദൈവപ്രീതി (Favour of God) (ദാനി 1:9)**

ദൈവപ്രീതിയും ദൈവകൃപയും അടുത്ത ബന്ധമുള്ള അത്ഭുതകരമായ വാക്കുകളാണ്. പ്രീതി എന്ന പദത്തിന് എബ്രായ ഭാഷയിൽ ചെൻ (Chen) എന്നത്രെ. കൃപയ്ക്കും ചെൻ എന്ന എബ്രായ പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ പ്രീതിയിൽ നടക്കുക എന്നത് ദൈവത്തിന്റെ ഹിതമാണ്. ദൈവപ്രീതി എന്നത് സ്വർഗ്ഗകവാടത്തിൽ നടന്നടുക്കുവാനുള്ള കഴിവാണ്. ദൈവപ്രീതിയും ദൈവകൃപയും ദൈവികദാനമാണ്. ക്രിസ്തുവിലും ക്രിസ്തുവിന്റെ വചനത്തിലും വിശ്വസിക്കുന്നവർക്കുള്ള ദൈവികമായ പ്രതിഫലമാണ് കൃപ. എന്നാൽ ദൈവപ്രീതി ദൈവത്തിന്റെ വാഗ്ദത്തിൻ മേലുള്ള പ്രവൃത്തികൾക്കുള്ള പ്രതിഫലമാണ്. ഞാൻ ക്രിസ്തുവിൽ വിശ്വസിച്ചതുകൊണ്ട് രക്ഷിക്കപ്പെട്ടു. ഞാൻ കർത്താവിനെ സേവിക്കുകയും അവന്റെ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നതുകൊണ്ട് ഞാൻ ദൈവത്തിന്റെ പ്രീതിയിൽ നടക്കുന്നു. എന്റെ പ്രവൃത്തികൾക്കും അനുസരണത്തിനുമുള്ള പ്രതിഫലമാണ് പ്രീതി. ചിലർ കൂടുതൽ ദൈവപ്രീതിയുള്ളവരായി കാണപ്പെടുന്നത് എന്തുകൊണ്ട്?

"കൃപ ലഭിച്ചവളേ, നിനക്കു വന്ദനം, കർത്താവ് നിന്നോടു കൂടെയുണ്ട്..." കന്യകയായ മറിയയോട് ഗബ്രിയേൽ ദൂതൻ പറഞ്ഞ വാക്കുകളാണിത്. (ലൂക്കോ 1:29)

അക്കാലത്ത് ആയിരക്കണക്കിന് കന്യകമാർ ഇസ്രായേലിൽ ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് മറിയ യേശുവിന്റെ തിരുഅവതാരത്തിന് തെരഞ്ഞെടുക്കപ്പെട്ടു?

1. മറിയയും ജോസഫും ദാവീദിന്റെ ഗൃഹത്തിൽപ്പെട്ടവരാണ് (ലൂക്കോ 1:27)
2. അവർ യെഹൂദ ഗോത്രവംശജരായിരുന്നു. (ഉൽപത്തി 49:10)
3. അവരുടെ പൂർവ്വികരുടെ പട്ടണമായ ബെദ്ലഹേമിൽ മിശിഹ ജനിക്കുമെന്ന് മിഖാ പ്രവാചകൻ പ്രവചിച്ചിരുന്നു. (മിഖാ 15:2)
4. ഗലീലയിലെ ചെറിയൊരു പട്ടണമായ നസ്രേതത്തിലായിരുന്നു മറിയ ജനിച്ചത്. ഗലീലയിൽ നിന്നും ജാതികൾക്കു വെളിച്ചം ലഭിക്കുമെന്ന പ്രവചന നിവൃത്തിയാണിത് (യേശയ്യാവ് 49:10)

ക്രിസ്തു നിരവധി അത്ഭുതങ്ങൾ കഫർന്നഹൂമിലും കോരസിനിലും ബെഥേസ്ഥയിലും ചെയ്തു. ശരിയായ സ്ഥലത്തും ശരിയായ സമയത്തും ശരിയായ പൂർവ്വികതയിലും ആയിരുന്നു മറിയം ക്രിസ്തുവിന്റെ അമ്മയെന്ന പദവി അലങ്കരിച്ചത്.

കരുണയും അനുസരണയുമുള്ള പ്രവർത്തികളിലൂടെയും ദൈവഹിതത്തെ പിൻപറ്റുന്നതിലൂടെയും ദൈവപ്രീതി നേടാം. ദൈവപ്രീതി നേടിയ പൗലോസ് ദൈവത്തിന്റെ അപ്പോസ്തലമായി മാറി.

> ഒറ്റ രാത്രി കൊണ്ടുള്ള ദൈവസംപ്രീതി നിമിത്തം രൂത്ത് സമ്പന്നനായ ബോവസിന്റെ ഭാര്യയായി മാറുകയും ബെദ്ലഹേമിൽ പ്രസിദ്ധയായി തീരുകയും ചെയ്തു.

ദൈവപ്രീതി നേടിയ ഭക്തന്മാരുടെ ഉദാഹരണങ്ങൾ ദൈവവചനത്തിൽ നിരവധിയുണ്ട്.

**1. അപൂർവ്വ സാഹചര്യങ്ങളിലൂടെ ദൈവപ്രവൃത്തി വെളിപ്പെട്ടിട്ടുണ്ട്.**

കയ്പ്പനുഭവങ്ങളിലൂടെ കടന്നുപോയവളും ഭർത്താവ് നഷ്ടപ്പെട്ടവളുമായിരുന്നു നയോമി. പത്തു വർഷങ്ങൾക്കു ശേഷം ബെത്ത്ലേഹേമിൽ തിരികെ എത്തിയ അവൾ കണ്ടത് ഭർത്താവിന്റെ സ്വത്ത് നഷ്ടപ്പെട്ട നിലയിലാണ്. അവൾക്ക് ലഭിച്ച ഒരേയൊരു അനുഗ്രഹം തന്റെ പുത്രഭാര്യയായ രൂത്തിനെ ലഭിച്ചു എന്നതാണ്. രൂത്തിന് ബെദ്ലഹേമിൽ വിജയകരമായ ജീവിതത്തിനു വിലങ്ങുതടിയായി നാലു കാര്യങ്ങൾ നിലകൊണ്ടു.

1. രൂത്ത് ഒരു മോവാബ്യ സ്ത്രീയായിരുന്നു.
2. മോശെയുടെ ഗ്രന്ഥത്തിൽ മോവാബ്യർ ശപിക്കപ്പെട്ടവരാണ്.
3. അവൾ ഒരു വിധവയായിരുന്നു.
4. സാമ്പത്തകമായി മെച്ചമല്ലാത്തവളെങ്കിലും സമൂഹത്തോട് കടപ്പാടുള്ളവളായിരുന്നു.

എന്തായാലും പരിശ്രമത്തിലൂടെ അവൾ ബോവസിനെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞു. "അതിനു അവൾ യജമാനനെ, ഞാൻ നിന്റെ ദാസിമാരിൽ ഒരുത്തിയെപ്പോലെയല്ല എന്നുവരികിലും നീ എന്നെ ആശ്വസിപ്പിക്കയും അടിയനോട് ദയയായി സംസാരിക്കുകയും ചെയ്യാൻ തക്കവണ്ണം എന്നോടു നിനക്കു കൃപ തോന്നിയല്ലോ എന്നു പറഞ്ഞു."(രൂത്ത് 2:13).

യവ പാടത്ത് നിന്നും കതിർ പെറുക്കുവാൻ ബോവസ് രൂത്തിനെ അനുവദിച്ചു. ബോവസിന്റെ പ്രീതി ലഭിച്ച ശേഷം അവൻ അവൾക്ക് പെറുക്കേണ്ടതിനും കറ്റകളിൽ നിന്നും വലിച്ചിട്ടേക്കണമെന്നും അവളെ ശകാരിക്കരുതെന്നും കല്പിക്കത്തക്കവണ്ണം അവളിൽ പ്രീതി പ്രദർശിപ്പിച്ചു. (രൂത്ത് 2:16). അതിനുശേഷം ബോവസ് ആറിടങ്ങഴി യവം അവൾക്ക് അളന്നു നൽകി (3:15). ഒടുവിൽ ബോവസ് അവളെ വിവാഹം ചെയ്തു. അവരുടെ വിവാഹത്തിലൂടെ ജനിച്ചവനാണ് ഓബേദ്. ദാവീദ് രാജാവിന്റെ പിതാവായ യിശ്ശായിയുടെ പിതാവ് ഓബേദ് (രൂത്ത് 4: 18-22). ദൈവത്തിന്റെ സംപ്രീതി അപരിചിതമായ വഴികളിലൂടെ വരുന്നതായി ഈ സംഭവം തെളിയിക്കുന്നു.

**2. ദൈവപ്രീതി അപ്രതീക്ഷിതമായ സാമ്പത്തിക അനുഗ്രഹങ്ങൾ കൊണ്ടുവരുന്നു. (പുറപ്പാട് 12:36)**

ഇസ്രായേൽ മക്കൾ മിസ്രയിമാലെ അടിമത്തത്തിൽ നിന്നും പുറത്തുവരുമ്പോൾ മിസ്രയിമ്യരുടെ സ്വർണ്ണാഭരണങ്ങൾ കൊള്ളയടിച്ചതായി കാണാം. അടിമത്വ കാലത്ത് കഠിനജോലി ചെയ്യിച്ചവൻവേതനമാണ് ഇങ്ങനെ കൊള്ളയായി തിരികെ കൊണ്ടുവന്നത്. പാപിയുടെ സമ്പത്തോ നീതിമാനുവേണ്ടി സംഗ്രഹിക്കപ്പെടുന്നു (സദൃശ്യ 13:22). രണ്ട് അപ്രതീക്ഷിത അനുഗ്രഹങ്ങളുടെ കാര്യം പഴയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. യാക്കോബ് ലാബാനു വേണ്ടി സിറിയയിൽ പണിയെടുത്തപ്പോൾ ലാബാന്റെ കുടുംബം ഒന്നടങ്കം അനുഗ്രഹിക്കപ്പെട്ടു. (ഉല്പത്തി 30:27). ഞാൻ കാൽവെച്ചിടത്തൊക്കെയും യഹോവ

(ശേഷം പേജ് 3)

EDITORIAL BOARD
Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

# എബോള വൈറസ് ബാധ കോംഗോയിലും

**കിൻഷാസ:** ആഫ്രിക്കയിൽ പലതവണ മരണതാണ്ഡവമാടിയ എബോള വൈറസ് ബാധ കോംഗോയെ കീഴടക്കുന്നതായും ചികിത്സയിൽ പ്രതീക്ഷ നഷ്ടപ്പെട്ടവർ ആശുപത്രി വിട്ടോടുന്നതായും റിപ്പോർട്ട്. അന്ധവിശ്വാസങ്ങൾക്ക് അമിത പ്രാധാന്യം കൽപ്പിക്കുന്ന ഇവിടുത്തെ ഗ്രാമീണ മേഖലകളിൽ ജനങ്ങൾ മന്ത്രങ്ങളിലും ദുർദേവതാസങ്കൽപ്പങ്ങളിലും ആശ്രയിക്കുന്നതായും ചികിത്സയെക്കാളും പ്രതിരോധ പ്രവർത്തനങ്ങളെക്കാളുമധികമായി മന്ത്രവാദികളെ തേടുന്നതായും റിപ്പോർട്ടുകൾ ഉയരുന്നു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റേതടക്കം സന്നദ്ധ പ്രവർത്തകർ ബോധവൽക്കരണ പ്രക്രിയകളുമായി സദാ ചുറ്റിസഞ്ചരിക്കുന്നുയെങ്കിലും ബോധവൽക്കരണങ്ങൾക്ക് ജനങ്ങൾ വിലകൽപ്പിക്കുന്നില്ലെന്നാണ് റിപ്പോർട്ടുകൾ ഉയരുന്നത്.

വിവിധ വർഷങ്ങളിലായി കോംഗോയിൽ മരണതാണ്ഠവമാടിയ എബോള വൈറസിനെ പ്രതിരോധിക്കാമെന്ന പ്രതീക്ഷ ജനതയിൽ ഒരു വിഭാഗത്തിന് നഷ്ടമായിക്കഴിഞ്ഞു. എബോളയെന്നാൽ ഇപ്പോൾ മരണമെന്നാണ് അവരിൽ പലരുടേയും ചിന്താഗതി. വൈറസ് ബാധിച്ചാൽ പൊതുലോകത്ത് നിന്ന് ഒറ്റപ്പെട്ട് ജിവിക്കേണ്ടി വരുന്നുയെന്നതും രോഗത്തിൽ നിന്ന് മുക്തി പ്രാപിക്കാനാകാതെ വൈറസ് ബാധിതർ മരണത്തിന് കീഴ്പ്പെടുന്നുയെന്നതും ഇവിടുത്തെ ജനങ്ങളെ ബോധവൽക്കരണചിന്തകളിൽ നിന്നും ആധുനിക ചികിത്സാരീതികളിൽ നിന്നും പിന്നോട്ട് വലിക്കുകയാണ്. ഇത് തെറ്റായ ചിന്താഗതിയാണെന്ന് ബോധ്യപ്പെടുത്തുന്നതിൽ ആരോഗ്യപ്രവർത്തകരും പരാജയപ്പെടുന്നതായാണ് റിപ്പോർട്ട്. കഴിഞ്ഞ രണ്ടു മാസത്തിനിടെ ഒരു നേഴ്സ് ഒരു സഭാ പാസ്റ്റർ എന്നിവരുൾപ്പെടെ 30 പേരാണ് എബോള ബാധിച്ച് ഇവിടെ മരിച്ചത്. ധാരാളം പേർക്ക് രോഗം പടർന്നിട്ടുണ്ട്. പലരും ആശുപത്രികളിൽ തന്നെ അതീവ സുരക്ഷയിലുമാണ്. എന്നാൽ, പ്രതീക്ഷ നഷ്ടപ്പെട്ട രോഗികൾ സുരക്ഷയെ മറികടന്ന് അധികൃതരുടെ കണ്ണ് വെട്ടിച്ച് ആശുപത്രിയിൽ നിന്ന് ചാടിപ്പോകുന്നത് അധികൃതരെ വലയ്ക്കുകയാണ്. മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ രോഗബാധ പടരാതിരിക്കുവാൻ അതീവ ജാഗ്രതയിലാണ് രാജ്യവും ലോകാരോഗ്യ സംഘടനയും. എംബൻഡക നഗരത്തിലെ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ നിന്ന് രണ്ടാഴ്ച മുമ്പ് മൂന്നു രോഗികൾ ചാടി പോയത് വൻ ഭീതി പടർത്തി. ഇവരെ പിടികൂടിയെങ്കിലും രണ്ട് പേർ താമസിയാതെ മരണത്തിന് കീഴടങ്ങുകയായിരുന്നു. ഇവർ പോയത് ഒരു പ്രാർത്ഥനാലയത്തിലേക്കാണെന്നും അവിടെ വച്ചാണ് അവരെ പിടികൂടിയതെന്നും റിപ്പോർട്ടിൽ പറയുന്നു. പൊതുവെ അന്ധവിശ്വാസങ്ങളുടെ ആധിക്യമുള്ള രാജ്യമാണ് കോംഗോ. രോഗങ്ങൾ വരുന്നത് ദേവന്മാരുടെ കോപം മൂലമെന്നും അതിന് മന്ത്രവാദത്തിലൂടെ പരിഹാരം ചെയ്യുകയാണ് പ്രതിവിധിയെന്നും ചിന്തിക്കുന്ന അനേകായിരങ്ങൾ ഇപ്പോഴും കോംഗോയിലു



ണ്ടന്നും ഇത് സംബന്ധിച്ച റിപ്പോർട്ടിൽ പറയുന്നു. തന്മൂലം രോഗപ്രതിരോധത്തിനും തക്കസമയത്ത് ചികിത്സയ്ക്കും മുതിരാത്തവരാണ് കൂടുതലും മരണത്തിലേക്ക് പോകുന്നതും. കോംഗോയിൽ എബോള വ്യാപിക്കുന്നതിൽ ലോകാരോഗ്യ സംഘടന ആശങ്കയിലാണ്. മനുഷ്യനെ ഉന്മൂലനം ചെയ്യുന്ന ഈ മാരക വൈറസ് ആഫ്രിക്കയിയിലേക്ക് വ്യാപിച്ചാൽ സ്ഥിതിഗതികൾ ഗുരുതരമാകുമെന്നാണ് നിരീക്ഷണം. എബോള ബാധ തടയാൻ വിദഗ്ധസംഘത്തെ ലോകാരോഗ്യ സംഘടന കോംഗോയിൽ നിയോഗിച്ചിട്ടുണ്ട്. 2014-15 കാലയളവിൽ പടിഞ്ഞാറൻ ആഫ്രിക്കയിൽ എബോള പടർന്നപ്പോൾ 11,300 പേരാണ് മരിച്ചത്. അന്ന് കോംഗോ, ഗിനിയ, സിയേറ ലിയോൺ, ലൈബിരിയ തുടങ്ങിയ ഒട്ടനവധി രാജ്യങ്ങളിൽ എബോള ബാധ പടർന്ന് കയറി വൻ ദുരിതം വിതച്ചിരുന്നു.

# ‘പാരീസ് സ്റ്റേറ്റ്മെന്റ്”

(1-ാം പേജ് തുടർച്ച)

ന്നാണ് ഫ്രോണ്ടെക്സ് ഏജെൻസി പുറത്ത് വിടുന്ന കണക്കുകൾ. ഐക്യരാഷ്ട്ര സഭയുടെ കണക്കനുസരിച്ച് 2000 ൽ 49.3 ദശലക്ഷമായിരുന്നത് 2015 ആയപ്പോഴേക്കും 76.1 ദശലക്ഷമായി ഉയർന്നു. കുടിയേറ്റത്തോടൊപ്പം യൂറോപ്യൻ സമൂഹത്തിന്റെ മതനിരപേക്ഷത യൂറോപ്പിന്റെ മൂല്യച്യുതിക്ക് കാരണമായിട്ടുണ്ട്. ബ്രിട്ടനിലെ പകുതിയോളം പേർ ഇപ്പോൾ യാതൊരു മതത്തിലും വിശ്വസിക്കാത്തവരാണ്. എന്നാൽ മതപരമായ സമീപനങ്ങൾക്ക് വലിയ പ്രസക്തി നൽകാത്ത റഷ്യയിൽ വെറും 13ശതമാനം മാത്രമാണ് യാതൊരു മതത്തിലും വിശ്വസിക്കാത്തവർ. പാശ്ചാത്യ ലോകത്ത് ക്രിസ്തുമാർഗ്ഗത്തിന് ഇന്ന് സംഭവിച്ച് കൊണ്ടിരിക്കുന്ന തളർച്ച വളരെ അപകടകരമായ നിലയിലുള്ളതാണ്. 1920ന് മുമ്പുള്ള ഒരു കാലഘട്ടത്തിൽ മാത്രമാണ് റഷ്യൻ സഭ, ഇത്തരം വിനാശത്തിലൂടെ കടന്ന് പോയിട്ടുള്ളത്. യൂറോപ്യൻ യൂണിയൻ തങ്ങളുടെ ക്രിസ്ത്യൻ വേരുകളെക്കുറിച്ച് മറന്ന അവസ്ഥയിലാണ്.

സ്വന്തം വ്യക്തിത്വത്തെ നശിപ്പിച്ച്കൊണ്ടുള്ള ഈ പോക്ക് യൂറോപ്യൻ യൂണിയന്റെ വ്യക്തിത്വത്തിന്റെ ആത്മഹത്യയിലേക്കാണ് നയിക്കുകയെന്നും ഹിലാരിയോൺ ആർക്കേവ് പറയുന്നു. ക്രിസ്ത്യൻ യൂറോപ്പ് ഇല്ലാതാകുന്നത് തടയുവാൻ വിവിധ സഭകൾ ഏകോപിച്ച് പ്രവർത്തിക്കണമെന്നും യൂറോപ്പിലെ ക്രൈസ്തവർ ക്രൈസ്തവ മൂല്യങ്ങളെ മുറുകെ പിടിക്കണമെന്നും പറഞ്ഞ് കൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. സെപ്റ്റംബർ 22ന് സംഘടിപ്പിച്ച കോൺഫ്രൻസിൽ നയതന്ത്ര പ്രതിനിധികൾ, രാഷ്ട്രീയക്കാർ, വ്യവസായികൾ, മതപ്രമുഖർ ഉൾപ്പെടെ നിരവധിയാളുകളാണ് പങ്കെടുത്തത്.

ലോകത്തിലെ ഏറ്റവും വലിയ ക്രൈസ്തവ സമൂഹമായിരുന്ന യുറോപ്പ് ഇന്ന് ക്രൈസ്തവദർശനത്തോട് മുഖം തിരിച്ച് നിൽക്കുകയാണ്. അഭയാർത്ഥി പ്രവാഹത്തിലെ അപകടം തിരിച്ചറിയാതെയും ലോകത്തെ പുൽകുവാനും സമത്വം ആഘോഷിക്കുവാനും വെമ്പൽ പൂണ്ടും ക്രിസ്തീയാംശത്തിൽ നിന്ന് ഏറെ അകലെയായിരിക്കുന്നു ഈ മഹാഭുഖണ്ഡം. സോവിയറ്റ് വിപ്ലവത്തിന്റെയും നിരീശ്വരവാദികളുടേയും കോട്ടയായിരുന്ന റഷ്യയിൽ പോലും നിരീശ്വരവാദം ഓർമ്മയാകുകയും ദൈവത്തിങ്കലേക്ക് മടങ്ങുവാൻ അവർ വെമ്പൽ കൊള്ളുകയും ചെയ്യുമ്പോൾ ദൈവീക സത്യങ്ങളെ ലോകത്തിന് പ്രദാനം ചെയ്യുവാൻ മിഷണറിമാരെ ലോകത്തിന്റെ അറ്റം വരെയെത്തിച്ച യൂറോപ്പ് ഇനി ദൈവത്തെ വേണ്ട എന്നുള്ള നിലപാടിലേക്ക് ചുവട് മാറ്റുന്നു.

അത്യന്തം അപകടകരമായ ഈ കാഴ്ചപ്പാടിൽ യൂറോപ്യൻ രാജ്യങ്ങൾ മുന്നോട്ട് പോയാൽ മഹാഭുഖണ്ഡം മഹാദുരന്തങ്ങളുടെ കലവറയാകും എന്നതിന് സംശയം വേണ്ട. ദൈവത്തെ തള്ളിയ വ്യക്തികളുടേയും സമൂഹങ്ങളുടേയും രാജ്യങ്ങളുടേയും ചരിത്രം അതാണ് മാനവകുലത്തോട് പറഞ്ഞ് കൊണ്ടിരിക്കുന്നത്. യൂറോപ്പിന്മേൽ അധീശ ശക്തികളുടെ കൊടി പാറും മുമ്പ് അവയുടെ മേൽ ദൈവത്തിന്റെ പ്രസാദവർഷം ചൊരിയേണ്ടതിന് ഇന്ന് മുതൽ യുറോപ്പും നമ്മുടെ പ്രാർത്ഥനാവിഷയമായി തീരട്ടെ.

***ഷാജി മാറാനാഥാ***

# ദൈവപ്രീതി

(2-ാം പേജ് തുടർച്ച)

നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. (ഉല്പത്തി 30:30). യാക്കോബ് പറഞ്ഞു.

2. അപരിചിതയായ് വന്ന രൂത്ത് പട്ടണത്തിലെ ഏറ്റവും പ്രസിദ്ധയായി മാറി. ബോവസിൽ നിന്നുള്ള അനുഗ്രഹങ്ങൾക്ക് രൂത്തിനെ അർഹയാക്കിയത് അവൾ ബോവസിനോടു കാട്ടിയ സംപ്രീതിയായിരുന്നു.

**3. ദൈവപ്രീതി ദേശീയ ദുരന്തങ്ങളെ തടയും**

യഹൂദന്മാർ പേർഷ്യയിൽ ആയിരുന്നപ്പോൾ ഹാമാൻ യഹൂദന്മാരെ ഉന്മൂലനം ചെയ്യാൻ പദ്ധതിയിട്ടു. ആഗാഗ് രാജാവിന്റെ സന്തതിപരമ്പരയിൽപ്പെട്ട ആഗാഗ്യനായിരുന്നു ഹാമാൻ. ശൗലിന്റെ കാലത്തെ ആമാലേക്യ രാജാവായിരുന്നു ആഗാഗ്. ശമുവേൽ പ്രവാചകൻ ആഗാഗിനെ കൊന്നു. അതുകൊണ്ട് ഹാമാൻ പ്രതികാരദാഹിയായി യഹൂദന്മാരെ നശിപ്പിക്കാൻ ശ്രമിച്ചു. ഇതു മനസ്സിലാക്കിയ എസ്ഥേർ രാജ്ഞി തന്റെ ജനത്തിനുവേണ്ടി അപേക്ഷിക്കുവാൻ പ്രകാരത്തിൽ നിൽക്കുന്നതു രാജാവ് കണ്ടപ്പോൾ അവന് അവളോട് കൃപ തോന്നി.(എസ്ഥേർ 5:2). അങ്ങനെ എസ്ഥേറിലൂടെ യഹൂദജാതി വലിയ ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടു.

**4. ദൈവപ്രീതി ഇരട്ട അനുഗ്രഹം കൊണ്ടുവരുന്നു**

ഇയ്യോബിന്റെ സമ്പത്തുകളെല്ലാം നഷ്ടമായെങ്കിലും ഒടുവിൽ ഇരട്ടിയായി തിരികെ ലഭിച്ചു. (ഇയ്യോ. 42:10). ഏലിയാവിൽ നിന്നും ഏലിശായ്ക്ക് ഇരട്ടി പങ്ക് അനുഗ്രഹം ലഭിച്ചു (2 രാജ 2). ഏലിയാവിനോടൊപ്പം അവസാനം വരെ നിന്നതിനാൽ ഏലിശായ്ക്കു ഏലിയാവിന്റെ പ്രീതി ലഭിച്ചു.

**5. ദൈവസംപ്രീതി ഭാഗധേയത്വത്തെ ത്വരിതമാക്കും**

നിങ്ങളോടുള്ള ദൈവിക വാഗ്ദത്വത്തിന്റെ പൂർത്തീകരണം കാണാൻ വർഷങ്ങളായി കാത്തിരിക്കുന്നവനാകാം നിങ്ങൾ. എന്നാൽ ദൈവത്തിന്റെ പ്രകൃത്യാതീതമായ ഇടപെടലിലൂടെ ഇരുട്ടിലെ നിക്ഷേപങ്ങളെ മഹിമയുടെ വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ കഴിയും. എസ്ഥേർ രാജാവിന്റെ സന്നിധിയിൽ നിന്നതുകൊണ്ട് യഹൂദജാതിക്ക് രക്ഷവന്നു. ഒറ്റ രാത്രി കൊണ്ടുള്ള ദൈവസംപ്രീതി നിമിത്തം രൂത്ത് സമ്പന്നനായ ബോവസിന്റെ ഭാര്യയായി മാറുകയും ബെദ്ലഹേമിൽ പ്രസിദ്ധയായി തീരുകയും ചെയ്തു. ജോസഫ് പൊട്ടക്കുഴിയിൽ നിന്നും കൊട്ടാരത്തിലേക്കും ഉയർത്തപ്പെട്ടത് ദൈവസംപ്രീതിയായിരുന്നു. ഒരിക്കൽ പ്രസിദ്ധനായ ഓറൽ റോബോർട്ട്സ് ഒരു വലിയ ക്രൂസേഡിൽ പ്രസംഗിക്കുമ്പോൾ ഒരാൾ റോബർട്ടസിനെതിരെ വെടിയുണ്ടയുതിർത്തുവെങ്കിലും അത്ഭുതകരമായി രക്ഷപ്പെട്ടു. ഇത് അമേരിക്കയിലെങ്ങും കോളിളക്കമുണ്ടാക്കുകയും വലിയ ഉണർവിന് കാരണമാകുകയും ചെയ്തു. ഈ സംഭവത്തിലൂടെ ഓറൽ റോബോർട്ട്സ് പ്രസിദ്ധനായി മാറി. ദൈവസംപ്രീതി ശാപത്തെ അനുഗ്രഹമാക്കി മാറ്റി.

**6. ദൈവ സംപ്രീതി യഥാർത്ഥ പങ്കാളിയെ നൽകും.**

രൂത്ത് വളരെ വലഞ്ഞവളായിരുന്നുവെങ്കിലും അവർക്ക് ലഭിച്ച ദൈവസംപ്രീതി എബ്രായരുടെ ദൈവവുമായുള്ള ഉടമ്പടിയ്ക്ക് കാരണമാവുകയും ദൈവം അവളുടെ പാതകളെ നിയന്ത്രിക്കുകയും ചെയ്യുന്ന അവസ്ഥയിലെത്തുകയും ചെയ്തു. അങ്ങനെ രൂത്തിന് ബോവസ് ഒരു ഉത്തമ പങ്കാളിയായി ലഭിച്ചു.

**7. ദൈവസംപ്രീതി അത്ഭുതകരമായ തലമുറകളെ നൽകും.**

ന്യായപ്രമാണമനുസരിച്ച് വന്ധ്യത ശാപലക്ഷണമാണ്. എന്നാൽ ഹന്നായുടെ പ്രാർത്ഥന ദൈവസംപ്രീതി ചൊരിയുകയും ശമുവേലിന്റെ ജനനത്തിനു കാരണമാകുകയും ചെയ്തു.

**8. ദൈവസംപ്രീതി ദൈവത്തിന്റെ പ്രീതിക്കു പാത്രീഭൂതരാകുന്നു.**

ശമുവേൽ വളരുംതോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി മാറി. (1 ശമു 2:26). യേശുവോ, ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു. (ലൂക്കോ. 2:52). (സദൃശ്യ 8:35; 13:15 ; 14:9 ; 18: 22 ; 22:1)

ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതി എന്തുകൊണ്ട് നേടണം? ദൈനംദിന ജീവിതത്തിൽ എത്രയെത്ര മനുഷ്യരെയാണ് അഭിമുഖീകരിക്കേണ്ടി വരിക. മനുഷ്യരുമായി ചുറ്റിപ്പറ്റിയതാണ് നമ്മുടെ ജീവിതം. അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് (ലൂക്കോ 6:38) നൽകാൻ ദൈവം മനുഷ്യരെ ഉപയോഗിക്കുന്നു. യഹോവേ, നീ നീതമാനെ അനുഗ്രഹിക്കും; പരിചകൊണ്ടെന്നപോലെ നീ ദയകൊണ്ട് അവനെ മറയ്ക്കും. (സങ്കീ 5:12).



# ദൈവിക പൈതൃകമുള്ള മോശെ



പാസ്റ്റർ എം. ഡാനി

ബൈബിൾ വായിക്കുന്നവരുടെ ഇടയിലും യെഹൂദന്മാരുടെ ഇടയിലും ആദരണീയനാണ് മോശെ. ചരിത്രത്തിൽ പതിയപ്പെട്ട അവന്റെ നാമം പ്രസിദ്ധമാണ്. ആത്മീയലോകത്ത് മോശെയെക്കാൾ വലിയ പ്രവാചകനില്ല. പുറംലോകത്താണെങ്കിൽ മോശെ ലോകമെങ്ങുമുള്ള സ്വാതന്ത്ര്യമോഹികളുടെ അടങ്ങാത്ത ആവേശമാണ്. എന്നാൽ, യെഹൂദനോടു ചോദിച്ചാൽ പറയും മോശെയെക്കാൾ വലിയൊരു നേതാവ് ഞങ്ങൾക്കില്ലെന്ന്. എന്നാൽ, മോശെയെക്കുറിച്ച് ദൈവം പറയുന്നത് “എന്റെ ദാസനായ മോശെ” എന്നാണ്. മറ്റുള്ളവരിൽ തിന്നും തികച്ചും വിഭിന്നവും വിശ്വാസത്തിൽ അധിഷ്ഠിതവുമായിരുന്നു മോശെയുടെ ജീവിതം.

മോശെയുടെ ദൈവികപൈതൃകം മാതാപിതാക്കളുടെ അചഞ്ചല ദൈവവിശ്വാസമായിരുന്നു. തിരുവായ്ക്ക് എതിർവാ ഇല്ലാത്ത കാലത്തെ അവരുടെ വിശ്വാസം മഹത്തരം തന്നെ. അടിമയായി ജനിച്ച മോശെയെ ഫറവോ രാജാവിന്റെ പുത്രി ഏറ്റെടുത്തു. മോശെയുടെ മാതാപിതാക്കൾ വിശ്വാസമുള്ളവരും ദൈവഭക്തരും ദീർഘദൃഷ്ടിയുള്ളവരുമായിരുന്നു (എബ്രാ.11:23). അതുകൊണ്ടാണ്, “അവനെ പിന്നെ ഒളിപ്പിച്ചുവയ്ക്കാൻ കഴിയാതായപ്പോൾ അവൾ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി, അതിനു കീലും പശയും തേച്ചു, മോശെയെ അതിൽ കിടത്തി നദിയുടെ അരികിൽ ഞങ്ങളുടെ ഇടയിൽ വെച്ചു” എന്നു വായിക്കുന്നു.

യെഹൂദ ചരിത്രകാരനായ ജോസീഫസിന്റെ അഭിപ്രായത്തിൽ ‘തെർത്തുമിസ്’ എന്നുപേരുള്ള രാജകുമാരിയും തോഴിമാരും തീരത്തുകൂടി നടന്നപ്പോൾ പെട്ടകം കണ്ടു. രാജകുമാരിക്ക് കുഞ്ഞിനോട് അലിവു തോന്നി. കേവലം മൂന്നുമാസം പ്രായമുള്ള സുന്ദരക്കുട്ടൻ. മോശെയുടെ അമ്മയായ യോഖേബേദിന്റെ ബുദ്ധിപൂർവമായ ഇടപെടലും മോശെയുടെ സഹോദരി മിര്യാമിന്റെ പങ്കും നിർണായകമാണ്. മോശെ പത്തു വർഷമെങ്കിലും മാതാപിതാക്കളോടൊപ്പം ചെലവഴിച്ചിട്ടുണ്ട്. ഇക്കാലയളവിലാണ് മോശെയുടെ ജീവിതത്തെ മാറ്റിമറിച്ചത്. മുന്നൂറിൽപരം വർഷങ്ങളായി ദൈവജനം മിസ്രയീമ്യ അടിമത്വത്തിലാണെന്നുള്ള വസ്തുതയും തന്റെ മാതാപിതാക്കളും അടിമകളാണെന്നുള്ള വിവരവും മോശെ മനസിലാക്കി. ഇതിലെല്ലാമുപരിയായി യിസ്രായേലിന്റെ യഹോവയെക്കുറിച്ചു മോശെ തന്റെ ബാല്യപ്രായത്തിൽ തന്നെ മനസിലാക്കിയിരിക്കണം. മോശെയുടെ ബാല്യപ്രായത്തിൽ ലഭിച്ച ദൈവികശിക്ഷണമാണ് മോശെയുടെ ജീവിതത്തിൽ വഴിത്തിരിവായിത്തീരുകയും നിർണായകഘട്ടത്തിൽ ദൈവത്തിനുവേണ്ടി നിലകൊള്ളാൻ തന്നെ പ്രേരിപ്പിച്ചതും. ബൈബിൾ ഇപ്രകാരം പറയുന്നു, “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല” (സദൃ. 22: 6).

**മോശെയുടെ ബാല്യപ്രായത്തിൽ ലഭിച്ച ദൈവികശിക്ഷണമാണ് മോശെയുടെ ജീവിതത്തിൽ വഴിത്തിരിവായിത്തീരുകയും നിർണായകഘട്ടത്തിൽ ദൈവത്തിനു വേണ്ടി നിലകൊള്ളാൻ തന്നെ പ്രേരിപ്പിച്ചതും.**

യെഹൂദചരിത്രകാരനും യേശുക്രിസ്തുവിന്റെ സമകാലികനുമായ ജോസിഫസിന്റെ അഭിപ്രായത്തിൽ മോശെയ്ക്കു നാൽപതു വയസ്സായപ്പോഴേക്കും ഈജിപ്തിലെ സർവ സൈന്യാധിപൻ എന്ന പദവിയിൽ എത്തിക്കഴിഞ്ഞിരുന്നു. ഈജിപ്ത് പിടിച്ചടക്കാൻ വന്ന എത്യോപ്യക്കാരെ താൻ തോല്പിക്കയും കീഴടക്കുകയും ചെയ്തു. അങ്ങനെ രാജ്യത്ത് മോശെയുടെ ശ്രേയസ്സ് ഏറ്റവുമധികം വർധിച്ചു. ഈ സന്ദർഭത്തിലാണ് മോശെ തന്റെ ജീവിതത്തിലെ ഏറ്റവും നിർണായത തീരുമാനം എടുത്തത്. അതിനു സഹായകമായിത്തീർന്നത് മാതാപിതാക്കളിൽ നിന്നു പഠിച്ച പ്രബലമായിത്തീർന്ന ഉറച്ച ദൈവവിശ്വാസമാണ്. വിശ്വാസത്തിനു കണ്ണുകൾ ഉണ്ട് ദൂരപരിധിയില്ലെന്നു മാത്രം. വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരകു ക്രിസ്തീയ ജീവിതം നയിക്കാൻ നമുക്കു സാധിക്കണം. ബൈബിൾ ഇപ്രകാരം പറയുന്നു: “വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല” (എബ്രാ.11:24).

വിശ്വാസത്താൽ മോശെ ചെയ്ത മറ്റൊരു വൻകാര്യമാണ് ദൈവജനത്തോടുകൂടി കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തത് (എബ്രാ.11:24). തിരഞ്ഞെടുക്കാൻ അനേകകാര്യങ്ങൾ ഉണ്ടായിരുന്നു. മിസ്രയീമിലെ അടുത്ത രാജാവ്, മിസ്രയീം സമ്പത്തിന്റെയും നിക്ഷേപങ്ങളുടെയും അധിപൻ, ദൈവജനത്തോടുകൂടി കഷ്ടമനുഭവിക്കുക.

മോശെയുടെ ജീവിതം മാറിമറിഞ്ഞത് ആടുകളെ മേയിക്കുമ്പോഴായിരുന്നു. നാൽപതു വർഷത്തെ നേതൃത്വത്തിനു നാൽപതു വർഷത്തെ പരിശീലനം മോശെയ്ക്കു വേണ്ടിവന്നു. മിസ്രയീമിലെ സകല ജ്ഞാനവും അഭ്യസിച്ച് വാക്കിലും പ്രവൃത്തിയിലും സമർഥനായ മോശെ ഒറ്റയടിക്ക് ഒരു മിസ്രയീമ്യനെ കൊന്നു. മിസ്രയീമിലെ ജ്ഞാനം ക്ഷമാശീലനാക്കിയില്ല. അതുകൊണ്ട് ദൈവത്തിന്റെ കോളേജായ ഹോരേബ് യൂണിവേഴ്സിറ്റിയിലെ ബിരുദവും എടുത്തതിനുശേഷം മാത്രമാണ് മോശെയെ ദൗത്യം ഏല്പിച്ചത്. ഈ ലോകം തരുന്ന ജ്ഞാനം അനേകരെ നശിപ്പിക്കുന്നു. വലനെയ്തു കാത്തിരിക്കുകയാണ് ആരെയാണ് കെണിയിൽപ്പെടുത്തേണ്ടത് എന്ന മട്ടിലാണ് ചുറ്റുമുള്ള ലോകം. സാങ്കേതികവിദ്യകളുടെ ലോകത്ത് ആരെയും അനായാസം കെണിയിലാക്കി വിജയം കൊയ്യുന്ന തന്ത്രങ്ങൾ ഒരുവശത്ത്. ഭാവിതലമുറയെ ഇത്തരം നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടുത്താനുള്ള തത്രപ്പാടുകൾ മറുവശത്ത്. ഇതിനിടയിലും കെണിയിൽപ്പെട്ട് ജീവിതവും സ്വപ്നങ്ങളും ചാരമായ ഒട്ടേറെപ്പേരുടെ അമർത്തിയ തേങ്ങലുകൾ നമുക്കു കേൾക്കാം. ഫോണുമായി അച്ഛൻ മുറ്റത്തേക്കും മറ്റൊരു ഫോണുമായി അമ്മ അടുക്കളയിലേക്കും പോകുമ്പോൾ സ്വന്തം ഫോണെടുത്ത് ടെറസിലേക്കു പോകാൻ ഏതൊരു കുട്ടിക്കും തോന്നും. വീട്ടിൽ കിട്ടാത്ത പരിഗണന മറ്റൊരിടത്തുനിന്നും കിട്ടുമ്പോൾ സ്നേഹം കൊതിക്കുന്ന കൗമാരം വഴിമാറുന്നതിൽ തെറ്റു പറയാനാകില്ല.

സൈക്കിളിൽ വന്നിടിച്ച ബൈക്കുകാരനെ ഒരു സ്കൂൾ വിദ്യാർഥിനി പ്രണയിച്ചത് മറ്റൊരു ‘മോൾ’ വിളിയിലാണ്. സൈക്കിളിൽനിന്നു വീണ അവളെ എഴുന്നേല്പിച്ച് മോൾക്ക് എന്തെങ്കിലും പറ്റിയോ? എന്ന ചോദ്യത്തിൽ അവൾ വീണു. ഓർമവെച്ചശേഷം അവളെ ആദ്യമായാണ് ഒരാൾ അങ്ങനെ വിളിക്കുന്നത്. പയ്യാൻ കഞ്ചാവടിച്ചു കോൺതെറ്റിയ ആളാണെന്നതോ കേസുകളിലെ പ്രതിയാണെന്നതോ അവൾ കാര്യമാക്കിയില്ല. ഇപ്പോൾ മനസിലായില്ലേ, ഒരു സ്നേഹവിളിക്കുപോലും അളക്കാനാകാത്ത മൂല്യമുണ്ടെന്ന്.

ഭവനത്തിൽ നിന്ന് സ്നേഹവും ദൈവവിശ്വാസവും പൈതൃകമായി ലഭിച്ച മോശെയ്ക്ക് മിസ്രയീമിലെ ആഡംബരങ്ങളും സുഖഭോഗങ്ങളും പ്രശസ്തിയും ധനമാഹാത്മ്യവും എല്ലാം വിട്ടുപോന്നു. “വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനിൽക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോന്നു” (എബ്രാ. 11:27). നാൽപതുവർഷക്കാലത്തെ മോശെയുടെ കൊട്ടാരത്തിലെ പരിശീലനത്തിൽ, പ്രസിദ്ധങ്ങളായ, മനുഷ്യരുടെ കൈവേലകളായ ഈജിപ്ഷ്യൻ ദൈവങ്ങളെക്കുറിച്ചുള്ള അറിവ് മോശെയ്ക്കു ലഭിച്ചിട്ടുണ്ട്. അവയെ നമസ്കരിക്കണം എന്നുള്ള കല്പനയും ന്യായമായും ലഭിച്ചുകാണും. കണ്ണുണ്ടെങ്കിലും കാണാത്ത, മൂക്കുണ്ടെങ്കിലും മണക്കാത്ത, ചെവിയുണ്ടെങ്കിലും കേൾക്കാത്ത മിഥ്യാദൈവങ്ങളെക്കാൾ സൈന്യങ്ങളുടെ യഹോവയായ സത്യദൈവത്തിൽ ഉറച്ചുനിൽക്കാൻ ചെറുപ്പത്തിൽ മോശെയ്ക്കു മാതാപിതാക്കൾ നൽകിയ ശിക്ഷണം മതിയായിരുന്നു.

ദൈവവിശ്വാസം വെറും അന്ധവിശ്വാസമല്ല, കാണാത്ത കാര്യങ്ങളിന്മേലുള്ള നമ്മുടെ ഉറച്ചനിശ്ചയമാണ്. അത് ഉറച്ച ദൈവാശ്രയത്തിൽ അധിഷ്ഠിതമായതും, ക്രിസ്തുവിനുവേണ്ടി ജീവിക്കാനും പ്രവർത്തിക്കാനും മാത്രമല്ല, അവനുവേണ്ടി നിന്ദസഹിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതുമാണ്. പ്രവൃത്തിയിൽക്കൂടി പ്രതിഫലിക്കേണ്ട വിശ്വാസമാണ് നമുക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ, നമ്മുടെ ദൈവിശ്വാസം ജാതികളുടേതിനോട് സമവും ചത്തതും നിർജീവമായതും ആയിരിക്കും. ഓർക്കുക: വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാധ്യമല്ല (എബ്രാ. 11:6).

## ഉത്തരാഖണ്ട് സർക്കാർ മതപരിവർത്തന നിരോധന നിയമം പാസാക്കി

**ഡെറാഡൂൺ:** മതപരിവർത്തന നിരോധന നിയമം ഉത്തരാഖണ്ട് സർക്കാരും പാസാക്കി. ഉത്തരാഖണ്ഠ് നിയമ സഭ മാർച്ച് 20ന് ആണ് ഈ നിയമം പാസാക്കിയത്. തുടർന്ന് ഏപ്രിൽ 18 ന് ഉത്തരവിൽ ഗവർണ്ണർ ഒപ്പിട്ടു. ഇതോടെ മതപരിവർത്തനനിരോധന നിയമം പാസാക്കുന്ന ഇന്ത്യയിലെ ഏഴാമത്തെ സംസ്ഥാനമായി ഉത്തരാഖണ്ഠ്.

മതപരിവർത്തന നിരോധന നിയമപ്രകാരം സ്ത്രീകളേയോ പ്രായപൂർത്തിയാകാത്തവരേയോ ദളിത് സമൂഹത്തിൽ പെട്ടവരെയോ തദ്ദേശിയരായ ആളുകളേയോ മതം മാറ്റിയാൽ 2 വർഷം വരെ തടവ് ശിക്ഷ അനുഭവിക്കേണ്ടി വരും. മതപരിവർത്തനം ചെയ്യുന്ന വ്യക്തി മതപരിവ ർത്തന ചടങ്ങ് നടത്തുന്നതിന് ഒരു മാസം മുമ്പെ അധികാരികളെ ഇക്കാര്യം അറിയിച്ചിരിക്കണം എന്നും ചട്ടമുണ്ട്. ഇതര മത വിഭാഗങ്ങളിൽ പെട്ടവർ വിവാഹം നടത്തുന്നതിനായി മതം മാറിയാൽ അത് അസാധുവായിരിക്കുമെന്നും നിയമം ചൂണ്ടിക്കാട്ടുന്നു. ഛത്തീസ്ഖഢ്, ഹിമാചൽ പ്രദേശ് ജാർഖണ്ട് എന്നീ സംസ്ഥാനങ്ങളിൽ നേരത്തെ തന്നെ മതപരിവർത്തന നിരോധന നിയമം കൊണ്ട് വന്നിരുന്നു.

# ദൈവം ഒരു പുഴുവിനെ അയച്ചാൽ?

ബിജി ഫിലിപ്പ്, റാസൽഖൈമ



നിനവെയിലെ ജനത്തോടു പ്രവചിച്ച ശേഷം പട്ടണത്തിനു എന്തു സംഭവിക്കുന്നു എന്നറിയുവാൻ യോന ഒരു കുടിലുണ്ടാക്കി കാത്തിരുന്നു. ദൈവം ഒരു ആവണക്ക് വേഗത്തിൽ കിളുപ്പിച്ചു വെയിലിൽ നിന്ന് രക്ഷനേടുവാൻ യോനയെ സഹായിച്ചു. ആവണക്കിന്റെ തണലിൽ യോന വളരെയധികം ആശ്വസിച്ചു. താൻ ആഗ്രഹിച്ചതിന് മുന്നമേയുള്ള ദൈവകരുതൽ വെളിപ്പെട്ടപ്പോൾ ആവണക്കിനെ ഓർത്തു യോനയും അത്ഭുതപ്പെട്ടിട്ടുണ്ടാവം, അത്ര വേഗത്തിൽ ആയിരുന്നല്ലോ ആവണക്കിന്റെ വളർച്ചയും അതു മൂലമുണ്ടായ തണലും തണുപ്പും.

എന്നാൽ, പെട്ടെന്നാണ് അത് സംഭവിച്ചത്, ദൈവം ഒരു ചെറു പുഴുവിനെ കല്പിച്ചാക്കുകയും അത് വേഗത്തിൽ അവണക്കിനെ തിന്നു ശൂന്യമാക്കുകയും ചെയ്തു. ആവണക്ക് നഷ്ടപ്പെട്ടതിനാൽ യോനയ്ക്ക് ദൈവത്തോട് നീരസം ഉണ്ടായി. കൊടും ചൂടത്തു വളരെ ആശ്വാസമായിരുന്ന ആവണക്കിനെതിരെയുള്ള ദൈവത്തിന്റെ ഇടപെടൽ അവനെ വല്ലാതെ അസ്വസ്ഥനാക്കി. പെട്ടെന്നൊരു സുപ്രഭാതത്തിൽ സൃഷ്ടിക്കപ്പെട്ട ആവണക്കും പൊടുന്നനവേ അത് നശിപ്പിക്കുവാൻ ദൈവം തന്നെ കല്പിച്ചാക്കിയ പുഴുവും പ്രവാചകനോടുള്ള ആലോചനയുടെ ഭാഗമായിരുന്നു എന്ന് അവനു പിന്നീടു മനസ്സിലാക്കുവാൻ കഴിഞ്ഞു.

ദൈവം മടക്കി വരുത്തുവാൻ ആഗ്രഹിച്ചതും മടങ്ങി വരുവാൻ താല്പര്യവുമുള്ള ഒരു ജനത്തെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ ദൈവത്തിന്റെ നാവായ ഒരു പ്രവാചകനെ ദൈവത്തിനു വേണമായിരുന്നു. അതെ നിയോഗമാണ് യോനയിൽ ദൈവം കണ്ടതും ആഗ്രഹിച്ചതും. എന്നാൽ മറുതലിച്ചു തർസൊസിലേക്കു കപ്പൽ കയറിയവനെ അവിടെ നിന്നും എടുത്തെറിഞ്ഞു മത്സ്യത്തിന്റെ വയറ്റിലാക്കി മൂന്നു രാവും പകലും ദൈവത്തോട് അയ്യം വിളിക്കുവാൻ അനുവദിച്ചു വീണ്ടും ദൈവപദ്ധതിയായ നിനവേയിൽ ദൈവം എത്തിച്ചു ദൂത് അറിയിപ്പിച്ചിട്ടും പട്ടണത്തോടു മനസ്സലിയുന്ന ദൈവത്തെക്കാൾ നിനവയുടെ നാശം കാണുവാൻ ആണ് അവൻ കൊതിക്കുന്നത്.

പാപത്തിന്റെ കൊടും ഭീകരതയിൽ നീന്നും രോഗത്തിന്റെ വൻശക്തിയിൽ നിന്നും ശാപത്തിന്റെ കെട്ടുകളിൽ നിന്നും ദൈവം നമ്മെ അതിശയകരമായി പുറത്തെടുത്തിട്ടും നിസ്സാരമായ ആവണക്കുകളുടെ നഷ്ടങ്ങളുടെ മുമ്പിൽ നാം ദൈവത്തോട് പരിതപിക്കുന്നവരല്ലേ? നമ്മെ ശോധനചെയ്തു പൊന്നുപോലെ പുറത്തു കൊണ്ടുവരുവാൻ വേണ്ടി ദൈവത്താൽ ഉളവാക്കപ്പെടുന്ന നഷ്ടങ്ങളുടെ, പരാജയങ്ങളുടെ അനുഭവങ്ങളുടെ മുമ്പിൽ നാം ദൈവത്തോട് പിറുപിറുക്കുന്നവരല്ലേ? കഴിഞ്ഞ കാലങ്ങളിൽ ദൈവം നമ്മെ ഉയർത്തിയതും മാനിച്ചതുമായ സന്ദർഭങ്ങളെ നാം പലപ്പോഴും മറന്നുകൊണ്ട് ഏതെങ്കിലും സാഹചര്യങ്ങളിൽ പ്രതീക്ഷക്കാത്ത ഇടത്ത് എന്തെങ്കിലും ഒരു കുറവ് സംഭവിച്ചാൽ പൊടുന്നനവേ ദൈവത്തെ തള്ളിപറയുന്നവരാണോ നമ്മൾ?

യോനയെപ്പോലെ ദൈവത്തിൽ നിന്ന് മറുതലിച്ചു മുന്നേറിയിട്ടും സ്നേഹവാനായ ദൈവം വൻകരുണ കാട്ടി അതിശയകരമായ വഴികളിലൂടെ പുറത്തെടുത്തതും മടക്കി വരുത്തിയതും കുറവുകളെ കണക്കിലെടുക്കാതെ കാർമുകിലിനെപ്പോലെ പാപങ്ങളെയും മേഘങ്ങളെപോലെ അകൃത്യങ്ങളെയും മായിച്ചു കളഞ്ഞതും മറന്നു കളഞ്ഞു നിസ്സാര കാര്യങ്ങളുടെ മുമ്പിൽ ദൈവത്തിൽ നിന്നും അകലം പാലിക്കുന്നവരുണ്ട്.

യോന ആവണക്കിന്റെ തണുപ്പിൽ തുടരുവാൻ ആഗ്രഹിച്ചതുപോലെ നമ്മിൽ പലരും ഇന്ന് ദൈവത്തിന്റെ ആത്മാവിന്റെ ചൂടേറിയ ശുശ്രൂഷകളിലേക്ക് കടക്കാതെ ഭൗതീക നന്മകളുടെ തണലിൽ ചുരുണ്ട് കൂടുവാൻ ആഗ്രഹിക്കുന്നു. രാജാവ് ഉൾപ്പടെയുള്ള നിനവേ പട്ടണം മുഴുവൻ അതിനു നാശം സംഭവിക്കാതെ രട്ടിലും വെണ്ണീറിലും ഇരുന്നു ദൈവത്തോട് നിലവിളിക്കുമ്പോൾ ഉത്തരവാദിത്വത്തോടെ അവരോടൊപ്പം പ്രാർത്ഥിച്ച് ദൂത് പറഞ്ഞു അവരെ ഉറപ്പിക്കേണ്ടവൻ ആവണക്കിന്റെ തണുപ്പിൽ മതിമറന്നിരിക്കയാണ്. ഇന്നും പാപത്തിന്റെ കൊടും ജീർണ്ണതയിൽ ദൈവത്തെ മറന്നു കഴിയുന്ന ഒരു ജനത്തിനുവേണ്ടി ഇടുവിൽ നില്ക്കുവാൻ തയ്യാറാകാതെ ദൈവം ഭൗതീകമായി മാനിക്കുമ്പോൾ ഇല്ലായ്മയുടെ കാലത്ത് ദൈവത്തിൽ നിന്നും നിലവിളിച്ചു പ്രാപിച്ച ദൈവീക നിയോഗങ്ങളെ, ശുശ്രൂഷകളെ ഗണ്യമാക്കാതെ ആവണക്കിന്റെ തണലിൽ സുഖിച്ചു മതിക്കുന്ന അഭിഷക്തന്മാർ ദൈവത്തിനു ഇന്നും തലവേദനയാണ്. ഉപദേശം പ്രസംഗിപ്പാനും ദൂത് അറിയിക്കാനും, മറ്റുള്ളവരുടെ മുമ്പിൽ വലിയവർ എന്ന് നടിക്കാനും അവർക്ക് താല്പര്യമാണ്, കടലാനയുടെ വയറ്റിൽ അയ്യം വിളിച്ച എന്നെപ്പോലെ മടങ്ങി വരണം എന്നുള്ള ദൂതുമാത്രം ഉണ്ട്. എന്നാൽ, ജനം മടങ്ങി വരണമെന്നോ അതിനായുള്ള വഴികൾക്ക് കൂട്ട് നിൽക്കണമെന്നോ ഇല്ല. തങ്ങളിൽ മാത്രം ഒരു കുറവും ഇല്ലാതെ ദൈവത്തോടു ചേർന്ന് നിൽക്കുന്നവർ എന്നാണ് അവരുടെ മനസ്സിലെ വ്യർഥധാരണ. എന്നാൽ, ദൂത് ഏറ്റെടുത്ത ഒരു ജനം മടങ്ങി വരുവാൻ തയ്യാറായാൽ അവർക്കാവശ്യമായ മാർഗനിർദേശങ്ങൾ നൽകുവാനോ, അവരെ നല്ലിടയനിലേക്ക് നയിക്കുവാനോ ഈ കൂട്ടർക്ക് സമയം ഇല്ല.

അവർ വേഗത്തിൽ തണൽ ലഭിക്കുവാൻ ആവണക്കുകൾ തേടി, തണുപ്പ് തേടി ഓടുകയാണ്. ദൈവ ജനത്തോടൊപ്പം വെയിലുകൊള്ളുന്നവർ, രട്ടിലിരിക്കുന്നവർ ചുരുക്കമാണ്. ദൂത് കഴിഞ്ഞാൽ ശുശ്രൂഷ കഴിഞ്ഞു എന്നാണ് അങ്ങനെയുള്ളവർ ചിന്തിക്കുന്നത്. ജനം മാനസാന്തരപ്പെടണം എന്നവർക്ക് നിർബന്ധമില്ല. ആത്മീയ വിരുന്നുകളിലെ തട്ടുപൊളിപ്പൻ പ്രസങ്ങൾ

യോന ആവണക്കിന്റെ തണുപ്പിൽ തുടരുവാൻ ആഗ്രഹിച്ചതുപോലെ നമ്മിൽ പലരും ഇന്ന് ദൈവത്തിന്റെ ആത്മാവിന്റെ ചൂടേറിയ ശുശ്രൂഷകളിലേക്ക് കടക്കാതെ ഭൗതീക നന്മകളുടെ തണലിൽ ചുരുണ്ട് കൂടുവാൻ ആഗ്രഹിക്കുന്നു.

ക്കൊത്തവണ്ണം അവർക്ക് ജീവിതമോ പ്രവർത്തിയൊ സ്നേഹമോ ഇല്ല. ഇന്നത്തെ യുവജനങ്ങളുടെ പ്രശ്നങ്ങളിലേക്കോ അതിനുള്ള പരിഹാര നിർദ്ദേശങ്ങളിലേക്കോ ഇറങ്ങിചെല്ലുവാൻ അവർക്ക് കഴിയുന്നില്ല. അവരുടെ വിഷയങ്ങൾ സമർപ്പണത്തോടെ കേൾക്കുന്നതിനോ അവരെ സ്നേഹിക്കുന്നതിനോ തയ്യാറാകാതെ വിധിക്കുവാൻ മാത്രം തയ്യാറാകുന്നവർ.

ആത്മാവിന്റെ ചൂട് നഷ്ടപ്പെട്ട, ആവണക്കിന്റെ തണുപ്പിൽ മതിമറന്നിരുന്ന യോനക്ക് അവിടെ അധികം തുടരാനായില്ല. ദൈവം ഒരു പുഴുവിനെ കല്പിച്ചാക്കി, അവിടുന്ന് അരുളിചെയ്താൽ കാക്കയും കഴുതയും മത്സ്യവും പുഴുവും ഒക്കെ അനുസരിക്കുമല്ലോ, കാരണം അവയ്ക്ക് മനുഷ്യരെ പോലെ അതുനിമിത്തം ഉണ്ടാകുന്ന ലാഭനഷ്ടകണക്കുകളെ കുറിച്ച് ചിന്തിച്ചു കൂട്ടേണ്ടതില്ലല്ലോ. ദൈവം കല്പിച്ചാൽപോലും ലാഭമില്ലാത്ത ഒരു പരിപാടിക്കും മനുഷ്യർ ഇപ്പോൾ തയ്യാറല്ല. ശുശ്രൂഷ നിമിത്തം കഷ്ടം സഹിക്കുന്നതിനൊ, നിന്ദ അനുഭവിക്കുന്നതിനൊ, ബുദ്ധിമുട്ടുന്നതിനോ അഭിഷക്തന്മാർപോലും മെനക്കെടുന്നില്ല. മാനുഷികമായ എല്ലാ ക്രമീകരണങ്ങളും നേരത്തെ തന്നെ അവർക്ക് അനുകൂലമാകുന്നെങ്കിൽ മാത്രമേ അവർ ശുശ്രൂഷയ്ക്കുപോലും കടന്നു പോകയുള്ളൂ. സിനിമാനടന്മാരെ പോലെ റേറ്റ് പറഞ്ഞുറപ്പിച്ചു മാത്രം ദൈവീക ശുശ്രൂഷ ചെയ്യുന്നവർ ഉണ്ട് എന്ന് വരെ കേൾക്കുന്നു. കർത്താവ് സൗജന്യമായി പകർന്ന കൃപാവരങ്ങളെ അങ്ങനെയുള്ളവർ വില്പനച്ചരക്കാക്കുന്നവരായി മാറുന്നു.

സുവിശേഷം കൊണ്ടു ഉപജീവനം കഴിക്കേണ്ട സ്ഥാനത്തു വില കൂടിയ വസ്ത്രങ്ങളും കാറുകളും മണിമാളികകളും അവർ വാങ്ങി കൂട്ടുന്നു. ദരിദ്രരായ സഹവിശ്വാസികളെ അവർ പുച്ഛത്തോടെ മാത്രം നോക്കി കാണുന്നു. അവരെ സഹായിപ്പാനോ അംഗീകരിപ്പാനോ അവർക്ക് കഴിയാതെ പോകുന്നു. തങ്ങളെ മാത്രം ദൈവം അനുഗ്രഹിച്ചിരിക്കുന്നുവെന്നും മറ്റുള്ളവർ അങ്ങനെ തന്നെ തുടരുമെന്നുമാണ് അവരുടെ ഭാഷ്യം. ജനത്തെ മാനസാന്തരത്തിലേക്കും സത്യസുവിശേഷത്തിലേക്കും നിത്യജീവനിലേക്കും നടത്താതെ അവർ പ്രാപിച്ച ഭൗതീക നേട്ടങ്ങൾ മറ്റുള്ളവരും നേടിയെടുക്കണമെന്ന് ഉപദേശിക്കുന്ന കൂട്ടങ്ങൾ ആത്മീയലോകത്തിൽ നിറഞ്ഞുനിൽക്കുന്നു.

ഭൗതീക അനുഗ്രഹങ്ങൾ പ്രാപിക്കാത്തവർ എന്തോ വലിയ കുറവുകളും പാപങ്ങളും ഉള്ളവരാണെന്നാണ് ഇത്തരക്കാരുടെ പഠിപ്പിക്കലുകൾ. ദൈവം അയച്ച പുഴു ആവണക്കിനെ നിമിഷങ്ങൾകൊണ്ടു നശിപ്പിച്ചു. നാം കെട്ടിപ്പൊക്കുന്ന പേരും പ്രശസ്തിയും സ്ഥാനമാനവും പണവും എല്ലാം ദൈവം അയക്കുന്ന ഒരു പുഴുവിന്റെ മുമ്പിൽ ഇല്ലാതെയാകും. എല്ലാം ദൈവം നല്കിയ ദാനമെന്നല്ലാതെ അഹങ്കരിച്ചുയരുവാൻ നമുക്കൊന്നുമില്ല എന്ന് തിരിച്ചറിയുന്നത് നല്ലതാണ്. നമ്മെ അവിടുത്തെ ഇംഗിതങ്ങൾ പഠിപ്പിക്കാൻ ചിലപ്പോൾ നാം ആശ്രയിക്കുന്ന മേഖലകൾ ദൈവം പൊളിച്ചു കളയാറുണ്ട്. ആവണക്ക് നഷ്ടപ്പെട്ടപ്പോൾ യോനയ്ക്ക് കോപം വന്നു. ദൈവത്തിനു യോനയോടുള്ള ചോദ്യം ശ്രദ്ധിക്കൂ 'നീ അധ്വാനിക്കയോ വളർത്തുകയോ ചെയ്യാതെ ഒരു രാത്രിയിൽ ഉണ്ടായി വരുകയും ഒരു രാത്രിയിൽ നശിക്കയും ചെയ്ത ആവണക്കിനെക്കുറിച്ചു നിനക്ക് അയ്യോഭാവം തോന്നുന്നുവല്ലോ? അങ്ങനെയെങ്കിൽ നഷ്ടപ്പെട്ടു പോകുന്ന മഹാനഗരമായ നിനവെയിലെ ജനത്തെക്കുറിച്ചു ഞാൻ അനുതപിക്കുന്നത് വിഹിതമല്ലോ?

ദൈവത്തിന്റെ ദയ എത്ര വലിയതാണെന്ന് ശ്രദ്ധിക്കൂ? മടങ്ങി വരുമെന്ന് ഉറപ്പുള്ള ഒരു ജനത്തെ ഉപേക്ഷിക്കാൻ അവിടുന്ന് തയാറല്ല. അവർക്ക് വരുത്തുവാനിരിക്കുന്ന നാശത്തെ ഓർത്തു അനുതപിക്കുന്ന ഒരു ദൈവം, ഇന്നും നമ്മുടെ കുറവുകളെ, പരാജയങ്ങളെ ഓർക്കാതെ നമ്മെ സ്നേഹിക്കുന്നു. വെട്ടിക്കളയുവാനുള്ള അവിടുത്തെ കടുത്ത തീരുമാനങ്ങൾ, നാം പോലും അറിയാതെ വരും വർഷങ്ങളിൽ ഉപയോഗിക്കപ്പെടുമോ എന്ന് പ്രതീക്ഷിച്ചു ദൈവം ഒരു പക്ഷെ നീട്ടി വെച്ചതായിരിക്കാം. നമുക്കു ദൈവത്തിന്റെ ദയയും മനസ്സലിവും ഐശ്വര്യവും നിരസിക്കുന്നവർ ആകാതിരിക്കാം.



ഐ.പി.സി നോർത്ത് അമേരിക്കൻ കോൺഫറൻസിന്റെ വിവാഹസഹായ വിതരണം തിരുവല്ലയിൽ ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി.ജോൺ ഉദ്ഘാടനം ചെയ്യുന്നു.

# വിവാഹ സഹായ വിതരണം

**തിരുവല്ല:** ഐ.പി.സി നോർത്ത് അമേരിക്കൻ കോൺഫറൻസിന്റെ വിവാഹസഹായ വിതരണം ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി.ജോൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജോസഫ് വില്ല്യംസ് അധ്യക്ഷത വഹിച്ചു. കോൺഫറൻസ് ചിലവുകൾ വെട്ടികുറച്ച് നിർധനരായ കേരളത്തിലെ 45 ദമ്പതികൾക്ക് 1.25 ലക്ഷം രൂപ വീതമാണ് സഹായമായി നൽകിയത്. വടക്കേ അമേരിക്കയിലെ ആദ്യത്തെ മലയാളി പെന്തക്കോസ്ത് സഭയായ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 20 പേർക്ക് വിവാഹസഹായം നൽകി. അസംബ്ലി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ഡോ. വിൽസൺ വർക്കി, പാസ്റ്റർ രാജു പൂവക്കാല, ഷിബു നെടുവേലിൽ, റ്റി.എം. മാത്യു, ഫിന്നി പി. മാത്യു, സജി മത്തായി കാതേട്ട്, സുദർശനൻപിള്ള, സ്റ്റാർലാ ലൂക്ക്, ഡോ. റോജൻ സാം, സുധി കല്ലുങ്കൽ, അജു അലക്സ്, ജെയിംസ് വർക്കി, കോൺഫറൻസ് സെക്രട്ടറി വർഗീസ് ഫിലിപ്പ്, ട്രഷറർ ബാബു കൊടുന്തറ, മിഷൻ കോ-ഓർഡിനേറ്റർ സാം വർഗീസ് എന്നിവർ പ്രസംഗിച്ചു.

## വി.നാഗൽ ലൈബ്രറി കൗൺസിൽ പ്രവർത്തനം ആരംഭിച്ചു

**കുന്നംകുളം:** കുന്നംകുളത്തും പരിസരപ്രദേശത്തുമുള്ള 75ൽ പരം വേർപാട് സഭകളുടെ സംയുക്ത സംരംഭമായ വി.നാഗൽ ഗാർഡൻ സെമിത്തേരിയുടെ ആഭിമുഖ്യത്തിൽ വി.നാഗൽ ലൈബ്രറി കൗൺസിൽ പ്രവർത്തനം ആരംഭിച്ചു. ഞായർ വൈകീട്ട് 4.30ന് വി. നാഗൽ ചാപ്പലിൽ സെമിത്തേരി സംരക്ഷണ സമിതി പ്രസിഡന്റ് പാസ്റ്റർ എം.ജി. ഇമ്മാനുവേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ബഹു: കുന്നംകുളം എം.എൽ.എ ശ്രീ. ബാബു എം. പാലിശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. സാജൻ സി. ജെയ്ക്കബ് ആമുഖപ്രസംഗം നടത്തി. കേരളത്തിൽ തന്നെ ആദ്യമായി ക്രമീകരിക്കുന്ന വേർപാട് സഭകളുടെ സംയുക്ത ലൈബ്രറി ആദ്യ അംഗത്വവിതരണം ഡോ. സി.വി. അബ്രഹാം നിർവഹിച്ചു. പാസ്റ്റർ അനിൽ തിമോത്തി സ്വാഗതം ആശംസിച്ചു. വാർഡു കൗൺസിലർ ഷാജി ആനിക്കൽ, പാസ്റ്റർമാരായ കുരിയാക്കോസ് ചക്രമാക്കിൽ, ബെന്നി ജോസഫ്, സന്തോഷ് ജോൺ, അജീഷ് കെ. മാത്യു, കെ.എ. ഡേവീസ്, സഹോദരൻമാരായ പീറ്റർ സി. ചാക്കോ, സി.ജെ. എബ്രഹാം, പി.റ്റി. ജോസ്, തോമസ് സാം, ബേബി സി.സി. എന്നിവർ ആശംസകൾ അറിയിച്ചു. ഇവാ. ഷാജൻ മുട്ടത്ത് നന്ദി പറഞ്ഞു. കരിയർ ഗൈഡൻസ് & കൗൺസിലിംഗ് ക്യാമ്പും നടന്നു. ഡോ. സി.വി. അബ്രഹാം നേതൃത്വം നൽകി.

## ഭാരവാഹികൾ

**ചിറ്റാർ:** സിഇഎം പത്തനംതിട്ട സെന്റർ ഭാരവാഹികളായി പാസ്റ്റർ സുജിത് ജോർജ് (പ്രസിഡന്റ്), പാസ്റ്റർ ഷാജൻ കുര്യൻ, പാസ്റ്റർ രാജീവ് ജി. (വൈസ് പ്രസിഡന്റ്മാർ), ജീസൻ ഡാനിയേൽ (സെക്രട്ടറി), പാസ്റ്റർ രാജേഷ് ചാക്കോ, മാത്യു കെ. പീറ്റർ (ജോ. സെക്രട്ടറിമാർ), സജി റ്റി. (ട്രഷറർ), വിജിൽ കുമാർ, പ്രിൻസ് റോയ് (കോർഡിനേറ്റർമാർ), പാസ്റ്റർ ഭരത് കുമാർ, ജോമോൻ എം.ജെ. (കമ്മറ്റി അംഗങ്ങൾ) എന്നിവരെയും, സണ്ടേസ്കൂൾ ഭാരവാഹികളായി പാസ്റ്റർ വി.ജെ. തോമസ് (രക്ഷാധികാരി), പാസ്റ്റർ റെജി പി. സാമുവേൽ (ചെയർമാൻ), പാസ്റ്റർ കെ.പി. ദാനിയേൽ, പാസ്റ്റർ കെ.എം. പീറ്റർ (വൈസ് ചെയർമാൻമാർ), അന്നമ്മ ജോൺസൺ (സെക്രട്ടറി), പ്രിസ്ക്കില്ല ജോൺ (ജോയിന്റ് സെക്രട്ടറി), സുനിൽ കീക്കൊഴൂർ (ട്രഷറർ), പാസ്റ്റർമാരായ പി.എ. ചാക്കോച്ചൻ, വർഗീസ് എബ്രഹാം, കെ.വി. വർഗീസ്, ലീലാമ്മ ഏബ്രഹാം (കമ്മറ്റി അംഗങ്ങൾ) എന്നിവരെയും തെരഞ്ഞെടുത്തു.

## ഐപിസി ഡൽഹി സ്റ്റേറ്റിന് 2018-2021 ലേക്ക് പുതിയ ഭരണ നേതൃത്വം

**ന്യൂഡൽഹി:** ഐപിസി ഡൽഹി സ്റ്റേറ്റ് വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും ഐപിസി മയൂർ വിഹാർ ഫേസ് 2 ചർച്ചിൽ പാസ്റ്റർ സാമുവേൽ എം. തോമസിന്റെ അധ്യക്ഷതയിൽ നടന്നു. ഐപിസി ഡൽഹി സ്റ്റേറ്റ് പൊതുയോഗത്തിൽ പാസ്റ്റർ കെ. ജോയ് പേട്രൺ ആയും പാസ്റ്റർ സി.പി. ഫിലിപ്പ് ജനറൽ സീനിയർ മിനിസ്റ്ററായും തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സാമുവേൽ എം. തോമസ് (പ്രസിഡന്റ്) പാ. നോബിൾ വർഗീസ് (വൈസ് പ്രസിഡന്റ്) പാ. സാം ജോർജ് (സെക്രട്ടറി), കെ. വർഗീസ് തോമസ് (ജോ. സെക്രട്ടറി), ജോൺസൻ എം. (ട്രഷറർ) എന്നിവരുൾപ്പെടെ 29 അംഗ കൗൺസിലിനെ 2018-2021 കാലയളവിലേക്ക് തിരഞ്ഞെടുത്തു. കൂടാതെ പുത്രികാ സംഘടനകളായ പിവൈപിഎ, സൺഡേസ്കൂൾ എന്നിവയിലേക്കുമുള്ള തിരഞ്ഞെടുപ്പും യഥാസമയം നടന്നു. പിവൈപിഎ പ്രസിഡന്റ് പാസ്റ്റർ സ്റ്റാൻലി ഐസക്, സെക്രട്ടറി ബ്ര. റെനി ഫിലിപ്പ്, സാം മത്തായി ചാക്കോ ജോയിന്റ് സെക്രട്ടറി, വിനോദ് ജോർജ് ട്രഷറർ, സൺഡേസ്കൂൾ ഡയറക്ടർ പാസ്റ്റർ ബിനോയ് ജേക്കബ്, സെക്രട്ടറി റോജി മാത്യു, ജോയിന്റ് സെക്രട്ടറി ജെസ്സൻ ജേക്കബ്, ട്രഷറർ സാം പി. മാത്യു എന്നിവരെ തെരെഞ്ഞെടുത്തു. വരുംകാലങ്ങളിൽ ഐപിസി ഡൽഹി സ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടു കൊണ്ടുപോകുവാൻ പുതിയ ഭരണ സമിതിയെ കർത്താവു ഉപയോഗിക്കും എന്ന് സെക്രട്ടറി പാസ്റ്റർ സാം ജോർജ് പറഞ്ഞു.

## ഈവനിംഗ് സ്കൂൾ ആരംഭിച്ചു

**ചെറുവക്കൽ:** ഐ.പി.സി. വേങ്ങൂർ സെന്ററിൽപ്പെട്ട വാളകം ബഥേൽ ടൗൺ ചർച്ചിലും പകൽകുറി ന്യൂ ലൈഫ് ബിബ്ലിക്കൽ വൈദീക സെമിനാരിയിലും ഈവനിംഗ് ബൈബിൾ സ്കൂൾ ആരംഭിച്ചു.

## കൺവൻഷൻ

**ചെറുവക്കൽ:** തോട്ടത്തറ ഐ.പി.സി ചർച്ചിന്റെ ആഭിമുഖ്യത്തിൽ മെയ് 11, 12 തീയതികളിൽ സഭാങ്കണത്തിൽ സുവിശേഷമഹായോഗം നടന്നു. പാസ്റ്റർമാരായ പോൾ ഗോപാലകൃഷ്ണൻ കൊച്ചര, സുവിശേഷകൻ സി.ജെ. മനുവേൽ, പാസ്റ്റർ രാജ് ബാബു റ്റി.ആർ. എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ അലക്സ് മാത്യു നേതൃത്വം നൽകി.

# റാഫാ റേഡിയോ മൂന്നാം വർഷത്തിലേക്ക്

**ചു**രുങ്ങിയ കാലംകൊണ്ട് ക്രൈസ്തവ സമൂഹത്തിൽ സംഗീത പ്രേമികൾക്ക് സുപരിചിതമായ നാമമാണ് റാഫാ റേഡിയോ (www.RafaRadio.com). കഴിഞ്ഞ രണ്ടു വർഷത്തെ റാഫാ ശ്രോതാക്കളുടെ ഭീമമായ വർധനവാണ് അതിന്റെ പ്രത്യക്ഷമായ തെളിവും. 180ൽ പരം രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ശ്രോദ്ധാക്കളാണ് റാഫയുടെ കരുത്ത്. ശബ്ദസംപ്രക്ഷേപണത്തിലുള്ള മികച്ച നിലവാരമാണ് റാഫയെ വേറിട്ട് നിർത്തുന്ന മറ്റൊരു ഘടകം. മനുഷ്യമനസ്സിന് കുളിർമ്മയേകുന്നതും എന്നും നവചൈതന്യം പകരുന്നതുമായ 10,000 ൽ പരം അനുഗ്രഹീത ഗാനങ്ങളുടെ വലിയൊരു ശേഖരം തന്നെ റാഫയ്ക്കുണ്ട്.

താങ്കൾ ios ഉപഭോക്താവെങ്കിൽ റാഫാ റേഡിയോ ആപ്പ്സ്റ്റോറിൽ താങ്കളെ കാത്തിരിക്കുന്നു. ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് പ്ലേസ്റ്റോറിൽ നിന്നും റാഫാ റേഡിയോ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് തികച്ചും സൗജന്യമായി ആസ്വദിക്കാവുന്നതാണ്.

അതുപോലെതന്നെ ലോകപ്രശസ്ത ഉൽപ്പന്നമായ BOSE പുറത്തിറക്കുന്ന എല്ലാ ഹോം എന്റർടൈൻമെന്റ് സിസ്റ്റത്തിലും ഇപ്പോൾ ഇൻബിൽട് ആയി തന്നെ ഇപ്പോൾ റാഫാ റേഡിയോ ഇന്റഗ്രേറ്റ് ചെയ്താണ് വിപണിയിൽ ലഭ്യമാകുന്നത്. 70-ൽ പരം പുതിയ വീഡിയോ ഗാനങ്ങൾ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ റാഫാ മീഡിയ നിർമ്മിച്ച് സോഷ്യൽ മീഡിയയിലും റാഫായുടെ യൂട്യൂബ് ചാനൽ വഴിയും ഫെയ്സ്ബുക്ക് പേജിലൂടെയും പുറത്തിറക്കിക്കഴിഞ്ഞു. സാമ്പത്തിക നേട്ടത്തിനായി റാഫാ ഒരിക്കലും ഗാനങ്ങൾ നിർമ്മിക്കാറില്ല. റാഫയുടെ ഗാനങ്ങളാണു യൂട്യൂബിലും ഫേസ്ബുക്കിലും മികച്ച പ്രതികരണമാണ് ശ്രോതാക്കളിൽ നിന്നും ലഭിക്കാറുള്ളത്. ക്രൈസ്തവ സമൂഹത്തിലെ ജനപ്രിയ ടെലിവിഷൻ ചാനലുകളായ ഹാർവെസ്റ്റ് ടി.വി, പവർവിഷൻ ടി.വി, എ.വൈ.ടി.വി എന്നീ ചാനലുകൾ വഴി സ്ഥിരമായി റാഫയുടെ ഗാനങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി റാഫയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

350ൽ പരം മത്സരാർത്ഥികളുമായി റാഫാ സൂപ്പർ സിങ്ങർ സീസൺ 1 സോഷ്യൽ മീഡിയയുടെ സാധ്യത ഉപയോഗിച്ച് സ്മൂൾ എന്ന ആപ്ലിക്കേഷനിലൂടെ ഒരു തരംഗം തന്നെ സൃഷ്ടിക്കുകയുണ്ടായി.

ഏഴു മാസം നീണ്ട വാശിയേറിയ മത്സരത്തിൽ വളരെ താലന്തുള്ള യുവതീ യുവാക്കന്മാർ പങ്കെടുക്കുകയും 16 മത്സരാർത്ഥികൾ മാറ്റുരച്ച ഫൈനൽ റൗണ്ട് ഏറ്റവും ഹൃദ്യമായ നിലയിൽ പര്യവസാനിക്കുകയും ചെയ്തു. ലൈക്, ഷെയർ, കമന്റ് മുതലായ മാനദണ്ഡങ്ങൾ ഒഴിവാക്കി, ഗായകരുടെ കഴിവും ഗാനാലാപനപാടവവും മാത്രം പരിഗണിച്ച് പുതുമുഖ ഗായകരെ കണ്ടെത്താൻ റാഫാ റേഡിയോ നടത്തിയ പ്രയത്നത്തിന് ഫലമുണ്ടായി എന്നതിനു യാതൊരു സംശയമില്ല.

ശക്തമായ മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹയായത് യു.എസ്.എ യിൽ നിന്നും മത്സരിച്ച ലിഡിയ സൈമൺ ആണ്. ജിമ്മി വർഗ്ഗീസ് പെരിങ്ങോട്ടുകര, ശ്രാദ്ധാ വിനയ് ഹൈദരാബാദ്, ഷാജു നാരായണൻ അഞ്ചൽ എന്നിവർ യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങൾക്ക് അർഹരായി.



# സത്യത്തിന്റെ എഴുത്തുകരാകുക: പാസ്റ്റർ സി.പി.രാജു അലഹബാദ്

**തിരുവല്ല:** സത്യം അറിയുക അത് അറിയിക്കുക എന്നത് ദൈവകല്പനയാണെന്നും എഴുത്തുകാർ സത്യത്തിന്റെ സാക്ഷികളാകണമെന്നും അസംബ്ലീസ് ഓഫ് ഗോഡ് നോർത്തേൺ ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി പാസ്റ്റർ സി.പി. രാജു അലഹബാദ് പ്രസ്താവിച്ചു. മെയ് 15നു തിരുവല്ല വൈ.എം.സി.എ. ഹാളിൽ നടന്ന അസംബ്ലീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷൻ ജനറൽ കൗൺസിൽ യോഗത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സമൂഹത്തെയും സഭയെയും വസ്തുനിഷ്ഠമായി അറിയുന്നവർക്കു മാത്രമേ സത്യത്തിന്റെ എഴുത്തുകാരാകുവാൻ കഴിയൂ. ശരിയായ ദർശനവും കൃത്യമായ നിരീക്ഷണവും ഇതിനു ആവശ്യമാണെന്നും ഇവ ആർജ്ജിക്കുവാൻ എഴുത്തുകാർക്ക് സാധിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.

അഗ്മ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡി. കുഞ്ഞുമോൻ അധ്യക്ഷനായിരുന്നു. പാസ്റ്റർ ബാബു ജോർജ് പ്രവർത്തന അവലോകനം നടത്തി. ജനറൽ സെക്രട്ടറി പാസ്റ്റർ പോൾ മാള റിപ്പോർട്ട് അവതരിപ്പിച്ചു.

വാർത്ത പത്രിക, സാഹിത്യ രചന മത്സരം, ജേർണൽ, എഴുത്ത് ശില്പശാലകൾ, അഗ്മ പ്രസിദ്ധികരണ വിഭാഗം, സാഹിത്യ സംഗമം, ചാപ്റ്റർ രൂപികരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ജനറൽ കൗൺസിൽ രൂപരേഖ തയ്യറാക്കി. പാസ്റ്റർ ജോൺ എബ്രഹാം സ്വാഗതവും പാസ്റ്റർ സജി ചെറിയാൻ കൃതജ്ഞതയും പറഞ്ഞു.

# ഐ.പി.സി. മീഡിയഗ്ലോബൽ മീറ്റ് ഡാളസിൽ ജൂലൈയിൽ

**ഹൂസ്റ്റൺ:** ഐ.പി.സിയിലെ മാധ്യമപ്രവർത്തകരുടെയും എഴുത്തുകാരുടെയും അന്തർദേശീയ സംഘടനയായ ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള രണ്ടാമത് മീഡിയ ഗ്ലോബൽ മീറ്റ് അമേരിക്കയിൽ നടക്കും.

ജൂലൈ 19 - 22 വരെ ഡാളസിൽ ഹയാത്ത് റീജിയൻസിഡി എഫ്ഡബ്ളിയുയിൽ നടക്കുന്ന ഐ.പി.സി ഫാമിലി കോൺഫറൻസിലാണ് അമേരിക്കയിലെ മാധ്യമപ്രവർത്തകർ ഒത്തുകൂടുന്നത്.

ഗ്ലോബൽ മീറ്റിനോടനുബന്ധിച്ച് പെന്തെക്കോസ്ത്: മാധ്യമവും മാധ്യമപ്രവർത്തനവും എന്ന വിഷയത്തെക്കുറിച്ചുള്ള അവതരണം, മാധ്യമ ചർച്ച, പുതിയ ചാപ്റ്റർ രൂപീകരണം, നയപ്രഖ്യാപനം എന്നിവ നടക്കുമെന്ന് രക്ഷാധികാരി പാസ്റ്റർ കെ.സി. ജോൺ, ചെയർമാൻ സി.വി. മാത്യു എന്നിവർ അറിയിച്ചു.

പാസ്റ്റർ കെ.സി. ജോൺ, സി.വി. മാത്യു, പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, പാസ്റ്റർമാരായ അച്ചൻകുഞ്ഞ് ഇലന്തൂർ, സി.പി. മോനായി, എ.വി. ഫിലിപ്പ്, സിസ്റ്റർ സ്റ്റാർലാ ലൂക്ക്എന്നിവർ പങ്കെടുക്കും.

മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും ഫാമിലി മീറ്റ്, അന്തർദേശീയ എഴുത്ത് ശില്പശാല, മാധ്യമ പുരസ്കാരം, അന്തർദേശീയ ബുക്ക് പ്രസാധനം, സാമ്പത്തിക ബുദ്ധിമനുഭവിക്കുന്ന എഴുത്തുകാർക്കും മാധ്യമപ്രവർത്തകർക്കുമുള്ള ക്ഷേമപ്രവർത്തനങ്ങൾ, പുതിയ ചാപ്റ്റർ രൂപീകരണം, അംഗീകൃത ഐഡൻറിറ്റി കാർഡ് വിതരണം തുടങ്ങിയവയാണ് ഈ പ്രാവശ്യത്തെ പ്രധാനപ്രവർത്തനങ്ങളെന്ന് മീഡിയ ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, ജനറൽ കോർഡിനേറ്റർ ടോണി ഡി. ചെവ്വൂക്കാരൻ എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു.




ബാംഗ്ലൂർ എബനേസർ കോളേജ് ഓഫ് ബിബ്ലിക്കൽ സ്റ്റഡീസ് ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത പെന്തെക്കോസ്ത് സഭാ നേതാക്കളും വേദ അദ്ധ്യാപകരും.

## ബാംഗ്ലൂർ എബനേസർ ഇൻസ്റ്റിറ്റ്യൂഷനിൽ ബൈബിൾ കോളേജ് ആരംഭിച്ചു

**ബെംഗളൂരു:** കഴിഞ്ഞ 15ൽ പരം വർഷമായി ബാംഗ്ലൂർ കൊത്തന്നൂരിൽ വിശ്വാസികളാൽ നടത്തപ്പെടുന്ന എബനേസർ ഇൻസ്റ്റിറ്റ്യൂഷനിൽ ബൈബിൾ കോളേജ് ആരംഭിച്ചു. എബനേസർ ഇൻസ്റ്റിറ്റ്യൂഷൻ ഓഡിറ്റോറിയത്തിൽ കർണാടക സ്റ്റേറ്റ് ഐപിസി പ്രസിഡന്റ് പാസ്റ്റർ. കെ.എസ്. ജോസഫ് ബൈബിൾ കോളേജ് ഉദ്ഘാടനം നിർവഹിച്ചു. കോളേജ് ചെയർമാനും ഐപിസി എബനേസർ കൊത്തന്നൂർ സഭ സീനിയർ ശുശ്രൂഷകമായ റവ. ഡോ. എൻ.കെ. ജോർജ് അദ്ധ്യക്ഷനായിരുന്നു. വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭാ നേതാക്കളും വേദശാസ്ത്ര അദ്ധ്യാപകരുമായ ഡോ.വർഗീസ് ഫിലിപ്പ്, പാസ്റ്റർമാരായ റ്റി.ഡി. തോമസ്, എം. കുഞ്ഞപ്പി, ജോൺ മാത്യൂ, സുബാഷ് എന്നിവരും കോളേജ് ഡയറക്ടർ ഇവാ. ടൈറ്റസ് ജോർജ്, പ്രിൻസിപ്പാൾ റവ. ഏബ്രഹാം മാത്യൂ മേപ്രത്ത് എന്നിവരും പ്രസംഗിച്ചു. ആസ്ട്രേലിയൻ യൂണിവേഴ്സിറ്റിയുടെയും ഇന്ത്യയിലെ പ്രശസ്ത അക്രിഡിയേഷൻ സൊസൈറ്റിയുടെയും അംഗീകാരത്തോടെ സൈക്കോളജി ആൻഡ് കൗൺസിലിംങ്, ബാച്ചിലർ ഓഫ് തിയോളജി, ചാപ്ലൻസി, സിറ്റി എച്ച്തുടങ്ങി വിവിധ കോഴ്സുകളിൽ പഠിക്കുവാനുള്ള അവസരവും ജോലിയൊടൊപ്പം വേദ പഠനം നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായി സായാഹ്ന കോഴ്സുകളും ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ 15ൽ പരം വർഷം ആതുര സേവന രംഗത്തെക്ക് നേഴ്സിംങ് വിദ്യാർഥികളെ വഴിതെളിയിച്ച് വിട്ട ഈ സ്ഥാപനം ക്രിസ്തുവിനായ് സുവിശേഷകരെ ഒരുക്കുന്ന വേദശാസ്ത്ര പഠനകേന്ദ്രമാക്കി മാറ്റണമെന്ന ദൈവീക നിയോഗ പ്രകാരമാണ് എബനേസർ കോളേജ് ഓഫ് ബിബ്ളിക്കൽ സ്റ്റഡീസ് ആരംഭിക്കുന്നതെന്ന് കോളേജ് ചെയർമാനും ഐ പി സി കൊത്തന്നൂർ എബനേസർ ചർച്ച് സീനിയർ ശുശ്രൂഷകനുമായ റവ.ഡോ എൻ. കെ. ജോർജ് പറഞ്ഞു.

## ഹാർവെസ്റ്റ് ഇംഗ്ലീഷ് ടി.വി. സംപ്രേക്ഷണം ആരംഭിച്ചു

**തിരുവനന്തപുരം:** ആദ്ധ്യാത്മിക ടെലിവിഷൻ ശ്രൃംഖലയായ ഹാർവെസ്റ്റ് ടെലിവിഷൻ നെറ്റ്വർക്കിൽ നിന്ന് 'ഹാർവെസ്റ്റ് ഇംഗ്ലീഷ്' എന്ന പേരിൽ പുതിയ ടെലിവിഷൻ ചാനൽ സംപ്രേക്ഷണം ആരംഭിച്ചു. ഏപ്രിൽ 21ന് രാവിലെ 8 മണിക്ക് തിരുവനന്തപുരം കൈതമുക്കിലെ സ്റ്റുഡിയോ കോംപ്ലക്സിൽ പ്രമുഖ മിഷണറി പാസ്റ്റർ എം പൗലോസ്,രാമേശ്വരം ചാനലിന്റെ സമർപ്പണ പ്രാർത്ഥന നടത്തി. പൂർണ്ണമായും ഇംഗ്ലീഷ് ഭാഷയിൽ ലോകോത്തര പ്രഭാഷകരുടേതടക്കം ശ്രദ്ധേയമായ സന്ദേശങ്ങൾ, പ്രമുഖ മ്യൂസിക് ബാന്റുകളുടെ സംഗീതം, അഭിമുഖങ്ങൾ, ചർച്ചകൾ, ഡോക്യുമെന്ററികൾ, അനുഭവസാക്ഷ്യങ്ങൾ, യാത്രാവിവരണങ്ങൾ, ബോധവൽക്കരണങ്ങൾ തുടങ്ങിയ അറിവും ആത്മീയതയും പകരുന്ന നിരവധി പരിപാടികൾ സംപ്രേഷണം ചെയ്യും നിലവിൽ കേരളത്തിൽ ഏഷ്യനെറ്റ് കേബിൾ വിഷനിൽ ചാനൽ നമ്പർ 663 ലും ഇന്ത്യയിലെ പ്രമുഖ നഗരങ്ങളായ ബെംഗളൂരു, മുംബൈ, ഡെൽഹി, ഹൈദ്രാബാദ് എന്നിവിടങ്ങളിലെ മേജർ നെറ്റുവർക്കുകളിലും ഹാർവെസ്റ്റ് ഇംഗ്ലീഷ് ടി.വി ലഭ്യമാണെന്ന് ഹാർവെസ്റ്റ് ടെലിവിഷൻ നെറ്റ്വർക്ക് സിഇഒ ബിബി ജോർജ് ചാക്കോ അറിയിച്ചു.

## ഉപവാസപ്രാർത്ഥന

**ചെറുവക്കൽ:** ഐ.പി.സി. വേങ്ങൂർ സെന്റർ സോദരിസമാജത്തിന്റെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർത്ഥന ഐ.പി.സി. പകൽ കുറിയിൽ നടക്കുകയുണ്ടായി. സിസ്റ്റർ കുഞ്ഞമ്മ എബ്രഹാം, സിസ്റ്റർ ആലീസ് ജോൺ, പാസ്റ്റർ വൈ. തോമസ്കുട്ടി എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.


VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE

Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281


## നിത്യതയിൽ



**കൃഷ്ണൻ (71)**

**ഓലത്താന്നി** : ഓലത്താന്നി അസംബ്ളീസ് ഓഫ് ഗോഡ് സഭയുടെ ആരംഭകാല വിശ്വാസിയും എ.ജി. മാവിളക്കടവ് സഭാംഗവുമായ കൃഷ്ണൻ (71) ജൂൺ 8നു നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ജൂൺ 9 നു നടന്നു. എ.ജി. സതേൺ ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ ടി. സത്യനേശൻ പ്രധാന ശുശ്രൂഷ നിർവ്വഹിച്ചു. പ്രസ്ബിറ്റർ പാസ്റ്റർ പി.കെ. ജോസ് അധ്യക്ഷത വഹിച്ചു.

പാസ്റ്റേഴ്സ് യാഹ്ദത്ത് മണി, വി.ശാമുവേൽ, ഡി. സുനിൽദാസ്, ജി. ജോൺസൻ തുടങ്ങിയവർ അനുശോചനം അറിയിച്ചു. മേരി ഭായിയാണ് ഭാര്യ. മക്കൾ: പാസ്റ്റർ സനിൽകുമാർ (എ.ജി. സതേൺ ഡിസ്ട്രിക്ട്), പാസ്റ്റർ സുനിൽകുമാർ (എ.ജി. മാവിളക്കടവ്). മരുമക്കൾ: ബിന്ദു, റീന. കൊച്ചുമക്കൾ: കെസിയ, റിനോയ്, സോഫിയ. ദു:ഖിതരായ ഭവനാംഗങ്ങളെ പ്രാർഥനയിൽ ഓർത്താലും.



## ചൂണ്ടയിടുന്നതിനിടെ വെള്ളക്കെട്ടിൽ വീണ യുവാവ് മരിച്ചു

**തിരുവല്ല:** ദി പെന്തെക്കോസ്ത് മിഷൻ തിരുവല്ല സെന്റർ ആദ്യകാല വിശ്വാസികളായ പുതുവിള വീട്ടിൽ പന്നിക്കുഴി ജോസ് (സണ്ണി) ഓമന ദമ്പതികളുടെ മകൻ ജെസിൻ ജോസ് (ജയ്മോൻ17) വെള്ളക്കെട്ടിൽ വീണ് മരിച്ചു. കഴിഞ്ഞ 22നു വൈകിട്ട് 4.30ന് വീടിനു സമീപമുള്ള പെരുന്തുരുത്തി തെക്ക് പാടശേഖരത്തിലെ വെള്ളക്കെട്ടിൽ ചൂണ്ടയിടുന്നതിനിടെ വീഴുകയായിരുന്നു.

സമീപത്തുണ്ടായിരുന്ന മൂത്ത സഹോദരൻ ജോമോനും സുഹൃത്തുക്കളും ചേർന്ന് കരയ്ക്കെത്തിച്ച് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംസ്കാരം 24 ന് ടി.പി.എം. തിരുവല്ല സെന്റർ സഭാ ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം കറ്റോട് സഭാ സെമിത്തേരിയിൽ പാസ്റ്റർ സി.എം. ജേക്കബിന്റെ നേതൃത്വത്തിൽ നടത്തി.

കാവുംഭാഗം ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർഥിയായ ജയ്മോൻ ആത്മീയ കാര്യങ്ങളിലും സഭയുടെ ഏത് ആവശ്യത്തിനും അത്യുത്സാഹത്തോടെ പ്രവർത്തിക്കുമായിരുന്നുവെന്ന് സഭാ വിശ്വാസികളും ശുശ്രൂഷകരും പറഞ്ഞു.

**ചാക്കോ കെ. തോമസ്**



കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

## തണൽമരങ്ങൾ

ഗൾഫിലെ കൺസ്ട്രക്ഷൻ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതാനുഭവങ്ങൾ കേട്ടിട്ടുണ്ട്. നാൽപത്തിയെട്ടും അൻപതും ഡിഗ്രി ചൂടിൽനിന്ന് ജോലിചെയ്യുന്നവർ പറഞ്ഞുപോകാറുണ്ടത്രേ: "പറന്നുപോകുന്ന വിമാനത്തിന്റെ നിഴലെങ്കിലും ഒരുനിമിഷം കിട്ടിയിരുന്നെങ്കിൽ!" വിമാനത്തിന്റെ നിഴൽ ആഗ്രഹിക്കുന്നവർക്ക് ഒരു തണൽമരം കിട്ടിയാലോ?

വഴിയരികിലെ തണൽമരച്ചുവട്ടിൽ കൂടിനിൽക്കുന്ന തൊഴിലാളികളുടെ ഒരു ചിത്രം എന്റെ സ്നേഹിതൻ ഗൾഫിൽനിന്നും അയച്ചുതന്നതാണീ കുറിപ്പിനാധാരം. ചുട്ടുപൊള്ളുന്ന മണൽക്കാടുകളിൽ തണൽമരം ഒരു ആശ്വാസമാകുന്നെങ്കിൽ, ആ മരത്തിനടിക്കുന്ന ചൂടിനെക്കുറിച്ചു നാം ചിന്തിച്ചിട്ടുണ്ടോ? നമുക്കു തണൽ നൽകാൻ ആ മരം സഹിക്കുന്ന വേദന ആരുകാണാൻ? തണൽമരങ്ങൾ നമുക്ക് ആശ്വാസമാകുമ്പോൾ നാം അതിനെ നിസാരമായി കാണരുത്.

കാലാകാലങ്ങളിൽ ദൈവം നമുക്കുവേണ്ടി ചില തണൽമരങ്ങൾ ഒരുക്കുന്നുണ്ട്. അതിന്റെ തണലിൽ നാം ആശ്വാസംപ്രാപിക്കയും നമുക്ക് അവസരമുള്ളപ്പോൾ മറ്റുള്ളവർക്കു നാം തണലായും തീരട്ടെ.

അവൾ ആ കുഞ്ഞിനെ ഒരു തണൽച്ചെടിയുടെ കീഴിൽ ഉപേക്ഷിച്ചു; ഇനി ഒരടിപോലും മുൻപോട്ടുവയ്ക്കാൻ കഴിയുന്നില്ല, മരുഭൂമിയിലെ പൊടിക്കാറ്റ് അവളുടെ കണ്ണുകളിൽ അടിച്ചുകയറി. പൊള്ളുന്ന മണലും മുകളിൽനിന്നു തീകോരിയിടുന്ന സൂര്യകിരണങ്ങളും, അവളുടെ കണ്ണുകൾ മരുഭൂമിയിലെ മുൾച്ചെടിയിൽ ചെന്നെത്തി. കുഞ്ഞിനെ ആ തണലിൽ ഉപേക്ഷിച്ച ഹാഗാർ എന്ന സ്ത്രീയും നിലവിളിക്കുന്ന യിശ്മായേൽ എന്ന കുട്ടിക്കും വേണ്ടി ദൈവം അവിടെ ഒരു നീരുറവ തുറന്നു. ആ തണലിൽ കിടന്നു നിലവിളിക്കുന്ന കുഞ്ഞിന്റെ കണ്ണീർചാലുകളായി, നീരുറവയായി തുറക്കാൻ, അബ്രാഹാമിന്റെ ദൈവത്തിനു മാത്രമേ കഴിയൂ. നമുക്കു ലഭിച്ചിരിക്കുന്ന കൊച്ചുകൊച്ചുതണലുകളിൽ സ്ഥിരവാസമാക്കാതെ തണലിൽ സന്തോഷിച്ച് ദൈവസന്നിധിയിൽ നിലവിളിച്ചാൽ ഒരുതുള്ളി ദാഹജലത്തിനു പകരം ഒരു പ്രവാഹത്തെ തന്നെ സൃഷ്ടിക്കാൻ ദൈവത്തിനു കഴിയും! മരുഭൂമിയിൽ തുറന്ന നീരുറവപോലെ.



അയാൾ ആകെ അസ്വസ്ഥനായി, പിറുപിറുക്കാൻ തുടങ്ങി. അതുപിന്നെ ശാപവാക്കുകളായും പുറത്തുവന്നു. ആ തണൽ അവൻ അതിനായി ഉപയോഗിച്ചു. "ദൈവം നിനക്കുവേണ്ടി മാത്രം മുളപ്പിച്ച ആവണക്കിന്റെ തണലിൽ ഇരുന്ന് നീ എന്തിനു കോപിക്കുന്നു യോനാ?"–

കൊച്ചുകൊച്ചു തണലുകളിൽ ഇരുന്ന് ആശ്വാസം കണ്ടെത്തുന്നതിനു പകരം അതൃപ്തിയുടെ സ്വരമാണ് പുറത്തുവരുന്നതെങ്കിൽ ഒന്നോർക്കുക, ഒരു പുഴു അകക്കാമ്പുകളിലൂടെ കാർന്നുതിന്ന് നിന്റെ താൽക്കാലിക സുഖം നശിപ്പിച്ചുകളയാൻ സാധ്യതയുണ്ട്. അനുസരണക്കേടിന്റെ പ്രവാചകൻ നമ്മെ പഠിപ്പിക്കുന്ന ഒരു പാഠംകൂടിയാണിത്.

എനിക്കിനി മരിച്ചാൽ മതി! ഈ ചൂരച്ചെടിയുടെ തണൽ അതിനായി ഞാൻ ഉപയോഗിക്കും. മരിക്കാൻപോകുന്നവന് എന്തിനാണ് ഏലിയാവേ ഈ തണൽ? നിന്റെ ഓട്ടവും തളർച്ചയും വിശ്രമവുമെല്ലാം പുതിയ ചില ദൗത്യത്തിലേക്കു നിന്നെ പ്രവേശിപ്പിക്കാനാണ്. മറിച്ച്, ശാന്തമായി അല്പസമയം ദൈവമുഖത്തേക്കു നോക്കൂ. സ്വർഗം അവിടെ ഇറങ്ങിവരാൻ പോകുകയാണ്. ദൈവശബ്ദത്തിനുവേണ്ടി കാതോർക്കൂ. ഏലീയാവേ നിനക്ക് ഇവിടെ എന്തുകാര്യം?

ചുട്ടുപൊള്ളുന്ന ജീവിതയാഥാർഥ്യങ്ങളിൽ നാം തളർന്നുപോകരുത്. ദൈവം നമുക്കു തണലായി ഇറങ്ങിവരാറുണ്ട്. പിറുപിറുക്കരുത്, മടുത്തുപോകരുത്, നിരാശപ്പെടരുത്. ദൈവത്തിന്റെ സംരക്ഷണം എപ്പോഴും നമ്മോടൊപ്പമുണ്ട്. "അവൻ തണലിനായി ഒരു മേഘം വിരിച്ചു; രാത്രിയിൽ വെളിച്ചത്തിനായി തീ നിർത്തി" (സങ്കീ.105:39). മരുഭൂപ്രയാണത്തിൽ തണലിനായി മേഘംവിരിച്ച ദൈവം ഇന്നും ജീവിക്കുന്നു.

നമുക്കും കൊച്ചുകൊച്ചു തണലുകളായി മറ്റുള്ളവർക്ക് ആശ്വാസം പകരാൻ കഴിയണം– അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/- Vol: 13 Issue No: 7 2018 July 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


## ഐ.പി.സി. ഗ്ലോബൽ മീഡിയ അസോസിയേഷൻ അവാർഡിനായി രചനകൾ ക്ഷണിക്കുന്നു

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും ആഗോള സംഘടനയായ ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷൻ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പത്രപ്രവർത്തകർക്കും എഴുത്തുകാർക്കും അവരുടെ മികച്ച രചനയ്ക്ക് അവാർഡ് നല്കാൻ തീരുമാനിച്ചു.

മെയ് 3 ന് തിരുവല്ലയിൽ ചെയർമാൻ സി.വി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രക്ഷാധികാരി പാസ്റ്റർ കെ.സി. ജോൺ, വൈസ് ചെയർമാൻ സാംകുട്ടി ചാക്കോ നിലമ്പൂർ, സെക്രട്ടറി പാസ്റ്റർ രാജു ആനിക്കാട്, പാസ്റ്റർ സി.പി. മോനായി, എം.വി. ഫിലിപ്പ്, ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട് എന്നിവർ സംബന്ധിച്ചു.

2017 ജനുവരി മുതൽ ഡിസംബർ വരെ പ്രസിദ്ധീകരിച്ച മികച്ച ലേഖനം, ഫിക്ഷൻ (കഥ, കവിത), ന്യൂസ് സ്റ്റോറി/ഫീച്ചർ, ഈ കാലയളവിൽ പ്രസിദ്ധീകരിച്ച പുസ്തകം, ടി.വി. ഷോ എന്നിവയ്ക്കാണ് അവാർഡ് നല്കുന്നത്.

എഴുത്തുകാർക്കോ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപ സമിതിക്കോ എൻട്രികൾ സമർപ്പിക്കാം. എൻട്രികൾ 2018 ഓഗസ്റ്റ് 15നകം ജനറൽ സെക്രട്ടറിക്ക് അയച്ചു കൊടുക്കുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യേണ്ടതാണ്. ലോകമെമ്പാടുമുള്ള ഐ.പി.സി. സഭാംഗങ്ങളായവർക്ക് എൻട്രികൾ അയക്കാം.

അഡ്രസ്സ്: പി.ഒ. ബോക്സ് നമ്പർ 1415, തൃശൂർ, 680007, കേരളാ.
ഇ.മെയിൽ: sajimkathettu@gmail.com
ഫോൺ: 944 737 27 26

ജൂറി ആവശ്യപ്പെടുന്ന പ്രകാരം ഐ.പി.സി. സഭാംഗം ആണെന്ന് തെളിയിക്കുന്ന രേഖ സമർപ്പിക്കേണ്ടതാണ്.

2019 ജനുവരിയിൽ നടക്കുന്ന കുമ്പനാട് കൺവൻഷനു അവാർഡുകൾ വിതരണം ചെയ്യും.



## എ പ്ലസ് നേടി

**കോട്ടയം:** തുരുത്തി ന്യൂ ഇന്ത്യാ ദൈവസഭ ശുശ്രൂഷകൻ വലിയപറമ്പിൽ പാസ്റ്റർ കോശി വി. തോമസ് - ബീനാ ദമ്പതികളുടെ മകൾ രൂത്ത് സൂസൻ കോശി പ്ലസ് ടുവിനു എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി.



**തിരുവനന്തപുരം:** ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അബിയ ഷിബു. അസംബ്ലീസ് ഓഫ് ഗോഡ് പഴയ ഉച്ചക്കട സഭാ ശുശ്രൂഷകൻ പാസ്റ്റർ ഷിബുവിന്റേയും ബ്യൂലയുടെയും മകളാണ്.

## ഐസിസിയുകെ ക്രിക്കറ്റ് ടൂർണമെന്റ് ജൂലൈ 21ന്

**ലണ്ടൻ:** മൂന്നാമത് ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റ് (ICCUK) 2018 ജൂലൈ 21 ശനിയാഴ്ച്ച രാവിലെ ആരംഭിക്കുന്നു. 6 ടീമുകൾ പങ്കെടുക്കുന്ന ഈ ടൂർണമെന്റിൽ അന്നേ ദിവസം രാവിലെ 7നു എല്ലാ ടീം അംഗങ്ങളും റിപ്പോർട്ട് ചെയ്യെണ്ടതാണ്. ലെസ്റ്ററിൽ ലോബൊറോ എന്ന സ്ഥലത്തു രണ്ടു ഫീൽഡികളിലായ് മത്സരങ്ങൾ നടക്കും. തൂലിക ടിവി, സമർ ടിവി, ഐസിപിഎഫ് യുകെ, എന്നിവർ ഈ ടൂർണമെന്റിന്റെ മുഖ്യ സ്പോൺസേഴ്സായി പ്രവർത്തിക്കുന്നു. ആൽഫ ക്രിക്കറ്റ് ക്ലബ്, വാരിയേഴ്സ് ക്രിക്കറ്റ് ക്ലബ്, സമർ ലൈവ് ഇലവൻസ്, റോയൽ സ്ട്രൈക്കേഴ്സ് ക്ലബ്, മിഡ്ലാൻഡ്സ് ക്രിക്കറ്റ് ക്ലബ്, ശാലോം ക്രിക്കറ്റ് ക്ലബ് എന്നീ ടീമുകൾ ആണ് നിലവിൽ രജിസ്റ്റർ ചെയ്തു പങ്കെടുക്കുന്നത്. വിജയികൾക്ക് ട്രോഫികൾ സമ്മാനിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 07575 587568, 07758 077242

## ഡിസ്റ്റിക്ഷനോടെ പാസ്സായി



**തിരുവനന്തപുരം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ തിരുവനന്തപുരം പട്ടം ദൈസഭയുടെ ശുശ്രൂഷകനും, സ്റ്റേറ്റ് കൗൺസിൽ മെമ്പറുമായ പാസ്റ്റർ വിനോദ് ജേക്കബിന്റെ മകൾ ഗ്രീറ്റ് വിനോദ് ജേക്കബ് സിബിഎസ്ഇ +2 പരീക്ഷയിൽ കമ്പ്യൂട്ടർ വിത്ത് മാത്ത്സ് സ്ട്രീമിൽ 93.2% മാർക്ക് വാങ്ങി ഡിസ്റ്റിക്ഷനോടെ പാസ്സായി.



**പന്തളം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ അബുദാബി ദൈസഭയുടെ ശുശ്രൂഷകൻ പാസ്റ്റർ സാം ബെഞ്ചമിന്റെ മകൾ ഷേബാ സാം ബെഞ്ചമിൻ സിബിഎസ്ഇ +2 പരീക്ഷയിൽ കൊമേഴ്സ് സ്ട്രീമിൽ 96% മാർക്ക് വാങ്ങി ഡിസ്റ്റിക്ഷനോടെ പാസ്സായി.

## ദയവായി വരിസംഖ്യ അടച്ച് സഹകരിക്കുക

ക്രിസ്ത്യൻ വേൾഡിന്റെ വാർഷികവരിസംഖ്യ 120 രൂപയാണ്.
പുതുക്കാത്തവർ ദയവായി സഹകരിക്കുക.







Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode